# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.17, October 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# ഗുരുവിനെപ്പോലെ ആകുക



■ പാസ്റ്റർ അനി ചാക്കോ ■

ഒരു ഡോക്ടറോ എഞ്ചിനീയറോ കളക്ടറോ ആകണമെന്ന് ബാല്യത്തിൽ ആഗ്രഹിച്ച പലരും ഉണ്ട്. മക്കളെ പ്രൊഫസർമാരും വക്കീലന്മാരും ഐപിഎസുകാരും ആക്കണം എന്നാഗ്രഹിച്ച് അതിനായി കഠിനാദ്ധ്വാനം ചെയ്യുന്ന മാതാപിതാക്കളും ധാരാളം. ദോഷികളായ മനുഷ്യർ അവരുടെ മക്കൾ ലോകത്തിൽ മാന്യന്മാരും ഉന്നതന്മാരും ആകണമെന്നു ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ കർത്താവ് തന്റെ മക്കൾ എല്ലാവരും ക്രിസ്തുവിനെപ്പോലെ ആകണം എന്നാഗ്രഹിക്കുന്നു. ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യനു മതി (മത്തായി 10:24).

ഒരു ശില്പിയുടെ സഹായം ഉണ്ടെങ്കിൽ മാത്രമെ ഒരു ശില്പം ഉണ്ടാകുന്നുള്ളൂ. ഒരു ചിത്രകാരനില്ലാതെ ക്യാൻവാസിൽ ചിത്രം വരക്കുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകരുടെ സേവനം ലഭിക്കുമ്പോൾ മാത്രമാണ് വിദ്യാഭ്യാസം പൂർത്തീകരിക്കപ്പെടുന്നത്. ഇതുപോലെ പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ യേശുവെപ്പോലെ ആകുവാൻ ആർക്കും സാദ്ധ്യമല്ല.

ഗുരുവിനെപ്പോലെ ശിഷ്യൻ ആകുക എന്നു വച്ചാൽ എന്താണ് അർത്ഥമാക്കുന്നത് ?

യേശുവെപ്പോലെ ആകുക എന്നു വച്ചാൽ യേശു ചെയ്തതുപോലെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുക എന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. മറ്റു ചിലർ ക്രിസ്തു പ്രസംഗിച്ചതുപോലെ പട്ടണം തോറും ഗ്രാമം തോറും പ്രസംഗിക്കുന്നതാണെന്ന് ചിന്തിക്കുന്നു. വേറെ ചിലർ യേശുവിന്റെ വസ്ത്രധാരണവും ഭാഷാ ശൈലിയും ലളിത ജീവിതവും പകർത്തിയാൽ യേശുവെപ്പോലെ ആകാമെന്നു വിചാരിക്കുന്നു.

എന്നാൽ കേവലം അത്ഭുതങ്ങളും അടയാളങ്ങളും ആത്മീയ പ്രഭാഷണങ്ങളും നടത്തി യേശുവിനെപ്പോലെ ആകാമെന്നു വ്യാമോഹിക്കുന്നതു ബുദ്ധിശൂന്യതയുടെ ലക്ഷണമാണ്. അത്ഭുതങ്ങളും അടയാളങ്ങളും പ്രസംഗങ്ങളും മാത്രം നടത്തി യേശുവെപ്പോലെ ആകുവാൻ ആർക്കും സാദ്ധ്യമല്ല.

ഏതെല്ലാം വിഷയങ്ങളിലാണ് നാം യേശുവിനെപ്പോലെ ആയിരിക്കേണ്ടത് എന്ന് വചനത്തിൽ നിന്നും ശ്രദ്ധിക്കാം.

***ഒന്നാമതായി, നീതി പ്രവർത്തിക്കുന്ന കാര്യത്തിൽ നാം യേശുവിനെപ്പോലെ ആയിരിക്കേണം.***

അവൻ നീതിമാൻ എന്നു ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കേയും അവനിൽ നിന്നു ജനിച്ചിരിക്കുന്നു (1 യോഹ. 2:29). ക്രിസ്തു ആരോടും അനീതി ചെയ്തില്ലെന്നു മാത്രമല്ല നീതി പ്രവർത്തിക്കുകയും ചെയ്തു.

സകല നീതിയും നിവൃത്തിക്കുവാൻ വേണ്ടി സ്നാപക യോഹന്നാന്റെ കൈകീഴിൽ സ്നാനമേറ്റ ക്രിസ്തുവിനെപ്പോലെ നീതി പ്രവർത്തിക്കുമ്പോഴാണ് യേശുവിനെപ്പോലെ ആകുവാൻ നമുക്ക് കഴിയുക. അനീതി ചെയ്യാതിരിക്കുമ്പോൾ മാത്രമല്ല നീതി പ്രവർത്തിക്കുവാൻ തുടങ്ങുമ്പോഴാണ് ദൈവഹിതം നമ്മിൽ സമ്പൂർണ്ണമാകുന്നത്.

ദൈവരാജ്യ പ്രവേശനത്തിനു വേണ്ടിയല്ല നീതി പ്രവർത്തികൾ ചെയ്യുന്നത്. അങ്ങനെ ആർക്കും പ്രവർത്തികളിൽ ദൈവരാജ്യത്തിൽ കടക്കുവാൻ കഴിയില്ലല്ലോ.

എന്നാൽ ക്രിസ്തു ഉള്ളിൽ ഉരുവാകുമ്പോൾ, ക്രിസ്തു സ്വഭാവത്തോട് അനുരൂപപ്പെടുവാൻ തുടങ്ങുമ്പോൾ സ്വയമായി പുറപ്പെടുന്ന ഫലങ്ങളിൽ ഒന്നാണ് നീതി പ്രവർത്തികൾ എന്നത്.

.....ശേഷം 15 -ാം പേജിൽ




# Lesson from the FLOODS
## HE is SOVEREIGN



■ Raji Unnikrishnan ■

We Keralites will not anymore refer to the "floods of the 1920s", as part of conversations that put in place a situation and its context - for we are living through a live version of the disaster. The current generation while growing up will refer to the floods as that of the "last year" to "10 years ago" and so on, with history marking 2018 as a divider in the timeline of Kerala.




While helplessly watching my state being swallowed up by the gushing waters on the television screen, I could not help my anxiety and fear – for family, friends and those unknown millions. This brought me to knees to pray for them and I did ask God – Why and where He was.

Certain realisations struck me over the period of talks, readings and prayers – all centred around the major floods that hit Kerala. I would sum it up under three thoughts – the uncertainty of the world around us, God's sovereignty and the need of having an ultimate faith, to live the present and to be prepared for the future.

All was so green and beautiful and not even in our dreams we Malayalis thought that we would be wading through deep waters this time of the year, did we?

At least I did not, nor did my immediate family and friends. We were not prepared for a mammoth disaster and here we are facing the reality. This showed me the uncertainty of the world and its situations around us. You and me know not what would happen the next moment – a fact which perhaps hit none of us this hard ever before.

(Continued on Page 6)



# എന്താണ് സത്യം?

EDITORIAL



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

സത്യം ഒരു വസ്തുവല്ല, ഒരു പ്രഖ്യാപനമല്ല, മറിച്ച് ഒരു വ്യക്തിയാണ്, സാക്ഷാൽ ക്രിസ്തു യേശുവാണ് സത്യം. നുണയനായ സാത്താന്റെ എല്ലാ വാദഗതികൾക്കും എതിരായി നിൽക്കുന്ന ഒന്നാണ് സത്യം. സത്യത്തിൽ വസിക്കുക, അവിടെ വിശ്രമം, സമാധാനം, വിടുതൽ, ആത്മീക ജീവിതം എന്നിവയുണ്ട്. സത്യം എന്നത് ചില വസ്തുക്കളുടെ കാര്യമാണെന്നാണ് പല ആളുകളും ചിന്തിക്കുന്നത്. പക്ഷെ അത് ഒരു വ്യക്തിയുടെ കാര്യമാണ് – കർത്താവായ യേശുക്രിസ്തുവിന്റെ കാര്യം. പരിശുദ്ധാത്മാവ് ഒരു വസ്തുവിനെകൊണ്ട് നമ്മെ ഒരിക്കലും രക്ഷിക്കുകയില്ല. അവൻ നമ്മെ എപ്പോഴും ഒരു വ്യക്തിയിലേക്ക് അഥവാ ക്രിസ്തുവിലേക്ക് നയിക്കുകയും ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ അടിസ്ഥാനമാക്കുകയും ചെയ്യും. പരിശുദ്ധാത്മാവിന്റെ ജോലി നമ്മെ ക്രിസ്തുവിനോട് അനുരൂപമാക്കുക എന്നതാണ്. ദൈവത്തിന്റെ പൂർണ്ണ പ്രമോദം യേശുവാണ്. അതുകൊണ്ട് ദൈവം നമ്മിലുള്ള ക്രിസ്തുവിനെ, സത്യത്തെ പുറത്തുകൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

***സത്യം നമ്മുടെ വ്യാജസ്വയത്തിൽ നിന്ന് നമ്മെ വിടുവിക്കുന്ന ഒന്നാണ്.*** മനുഷ്യൻ അവന്റെ ആളത്വത്തിന്റെ ഒരു ഭാഗത്തും സത്യമുള്ളവനല്ല. ക്രിസ്തു മാത്രമാണ് സത്യം. സത്യമാകുന്ന ക്രിസ്തുവിൽ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് ഞാനും നിങ്ങളും പഠിക്കേണം. നാം അങ്ങനെ ചെയ്യുന്നതുവരെ പരിശുദ്ധാത്മാവിന് നമ്മെ ക്രിസ്തുവിനോട് അനുരൂപമാക്കുക എന്ന സംഗതി ചെയ്യുവാൻ കഴിയുകയില്ല. നാം നമ്മുടെ വ്യാജ അടിസ്ഥാനത്തിന്മേൽ ജീവിക്കുകയാണെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ നമ്മുടെ ഇഷ്ടത്തിന് വിടും. നാം ക്രിസ്തുവിലുള്ള വിശ്വാസത്താൽ ജീവിക്കാനാരംഭിക്കുമ്പോൾ പരിശുദ്ധാത്മാവിന് ക്രിസ്തുവിനെ നമ്മിൽ യാഥാർത്ഥ്യമക്കാൻ കഴിയും. സാത്താൻ എപ്പോഴും നമ്മുടെ ദേഹത്തിലും ദേഹിയിലും കൂടി നമ്മുടെ ആത്മാവിൽ കടക്കുവാനും ആത്മാവിന്റെ കോട്ട പിടിച്ചടക്കി അതിനെ ബന്ധനത്തിലാക്കുവാനും ശ്രമിക്കുന്നു. എന്നാൽ സത്യം ഉള്ളിലുള്ളപ്പോൾ പുറമെ വളരെ മോശമായി തോന്നുമ്പോൾ തന്നെ ആന്തരീകമായി നമുക്ക് സ്വതന്ത്രരായിരിപ്പാൻ കഴിയും. സത്യത്താലുള്ള സ്വാതന്ത്ര്യം അതാണ്.

***സത്യം നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ഉള്ള വിഗ്രഹാരാധനയെ തകർക്കുന്ന ഒന്നാണ്.*** അതായത് ക്രിസ്തുവിനുപരിയായി നമ്മിൽ എന്തെങ്കിലും ഉണ്ടെങ്കിൽ സത്യം അതിനെ കൈകാര്യം ചെയ്ത് പുറത്തുകളയും. ദൈവവുമായിട്ട് നമുക്ക് എന്തെങ്കിലും ഉടമ്പടി ഉണ്ടാക്കുവാൻ സാധിക്കുകയില്ല. ദൈവം ഗർവ്വമുള്ള നമ്മുടെ ജഡവുമായി പൊരുത്തപ്പെടുകയില്ല. എന്നാൽ യോഹന്നാൻ പറഞ്ഞതുപോലെ നമുക്കും പറയാം 'അവൻ വളരേണം, ഞാനോ കുറയേണം' (യോഹ.3:30)

***സത്യം നമ്മുടെ ജീവിതത്തെ ദൈവത്തോടൊപ്പം നടക്കാൻ സഹായിക്കുന്ന ഒന്നാണ്.*** ക്രിസ്തു എന്നിലും നിങ്ങളിലും ഉരുവാകുന്നതുവരെ നമ്മിലുള്ള സത്യം പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ ജഡം അതിനെതിരായി യുദ്ധം ചെയ്യുന്നു. ജഡം ആത്മാവിനോടും ആത്മാവ് ജഡത്തോടും പോരാടുന്നതിനാൽ നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിന് നമുക്ക് കഴിയുന്നില്ല. പൂർണ്ണഹൃദയത്തോടെ ക്രിസ്തുവിങ്കലേക്ക് ചെല്ലുക എന്നതാണ് നാം ചെയ്യേണ്ട കാര്യം. പൂർണ്ണ പ്രകാശം നമ്മുടെ ഹൃദയത്തിൽ ഉദിക്കുന്നതുവരെ ദൈവവുമായുള്ള നമ്മുടെ അനുഭവത്തിന്റെ ആരംഭത്തിലുള്ള മങ്ങിയവെളിച്ചത്തിൽ തന്നെ നടന്നുകൊൾക. ദൈവം നമ്മെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതിന്റെ എതിർദിശയിലേക്കാണ് നാം പോകുന്നതെങ്കിൽ നമ്മെ ശരിയായ ദിശയിൽ കൊണ്ടുവരുന്നതിനുവേണ്ടി പൂർണ്ണവൃത്താകൃതിയിലുള്ള പാതയിൽ ദൈവം നമ്മെ നടത്തും. എങ്കിലും പതറരുത് കാരണം 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും'.

***സത്യം നമ്മുടെ ഹൃദയത്തിലെ ദ്രവ്യാഗ്രഹത്തെ പുറത്തുകൊണ്ടുവരും.*** യേശുക്രിസ്തുവിന്റെ ക്രൂശിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് നാം പ്രവേശിച്ച് ജഡത്തെ മരിച്ചതെന്ന് എണ്ണുന്നതുവരെ സത്യം നമ്മിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കും. അത് സംഭവിക്കുന്നതുവരെ സത്യം നമ്മുടെ ആളത്വവുമായി ഏറ്റുമുട്ടും. നമ്മുടെ സൽപ്പേര് നിലനിർത്തികൊണ്ടുതന്നെ നമ്മുടെ ഹൃദയത്തിലെ പാപ്പരത്തം വെളിവാക്കി ദ്രവ്യാഗ്രഹവുമായി അവൻ ഇടപ്പെട്ടുകൊണ്ടേയിരിക്കും. കാരണം നാം ദൈവത്തിന് പ്രസാദകരമായിത്തീരണമെന്ന് സത്യം ആഗ്രഹിക്കുന്നു.

'നിങ്ങൾ പൂർണ്ണപ്രസാദത്തിനായി കർത്താവിനു യോഗ്യമാകുംവണ്ണം നടന്നു ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞു വരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന് ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരുമാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിലും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു. സകലത്തിലും താൻ മുമ്പൻ ആകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെകൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി. മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളും ആയിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു'...ആമേൻ.

## പ്രാർത്ഥനയ്ക്കായ്...

കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങൾക്കായി, അവിടെയുള്ള ജനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാം. അവരുടെ ദൈനംദിന ജീവിതം സാധാരണ നിലയിലേക്ക് എത്രയും വേഗം മടങ്ങിവരേണ്ടതിനായി നമുക്ക് ദൈവസന്നിധിയിൽ മുട്ടുമടക്കാം. ഭവനം നഷ്ടപ്പെട്ടവർ, പ്രിയപ്പെട്ടവരെ നഷ്ടമായവർ, വലിയ കടബാധ്യത നേരിടേണ്ടി വരുന്നവർ തുടങ്ങി പറഞ്ഞറിയിയ്ക്കുവാൻ കഴിയാത്ത ദുരിതമനുഭവിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ സമർപ്പിക്കാം. പ്രളയബാധിത പ്രദേശങ്ങളിൽ വിവിധ നിലകളിൽ ആശ്വാസം എത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ, വ്യക്തികൾ, കുടുംബങ്ങൾ, സഭകൾ, സംഘടനകൾ എന്നിവരെ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

# നില്ക്കരുതാത്ത സ്ഥലത്ത് മ്ലേച്ഛത നില്ക്കുന്നത് കാണുമ്പോൾ...



■ ജോൺ വർഗ്ഗീസ്, മുംബൈ ■

നില്ക്കരുതാത്ത സ്ഥലത്ത് മ്ലേച്ഛത നില്ക്കുന്നത് കാണുമ്പോൾ...വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ. അന്ന് യെഹൂദ്യദേശത്ത് ഉള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ (മർക്കോസ്.13:14).

ദൈവാലയങ്ങളിൽ ദൈവിക ആരാധന നടക്കേണ്ടതായ സ്ഥലങ്ങളിൽ ജാതികമായ ആരാധന കാണുമ്പോൾ അഥവ നടക്കുമ്പോൾ ഗ്രഹിക്കുന്നവൻ, എരിവുള്ളവൻ അവിടെ നിന്നും മാറിപോകുക സത്യദൈവത്തെ ആരാധിക്കുന്ന ദൈവാലയങ്ങളിൽ മ്ലേച്ഛമായ വസ്തുക്കൾ കാണുമ്പോൾ യഥാർത്ഥ ഒരു സത്യവിശ്വാസി അതിൽ പങ്കുചേരുകയില്ല. അതുകൊണ്ടാണ് വേദപുസ്തകം വിളിച്ചു പറയുന്നത് അതിൽ നിന്നും ഓടിപോകുകയെന്ന്.

പല സഭാമേലദ്ധ്യക്ഷന്മാരും തങ്ങളുടെ സ്ഥാനമാനം മറന്ന് സഭാതലങ്ങളിൽ കാണുന്ന പല കാഴ്ചകളും ക്രിസ്തീയ സമുദായത്തിനു ഉതകുന്നതാണോയെന്ന് ഒന്ന് ചിന്തിച്ചാൽ നന്നായിരുന്നേനെ. പല ജാതീയ മന്ദിരത്തിൽ നടത്തുന്ന പൂജാരീതികളും, പൂക്കളെ ഉത്സവങ്ങളും ബൈബിളിന്റെ ഏത് താളുകളിലാണിങ്ങനെ ദൈവജനം ചെയ്യണമെന്ന് എഴുതപ്പെട്ടിരിക്കുന്നത്. നമ്മൾ ഈ വിധം പ്രവർത്തനങ്ങൾ ചെയ്താൽ ജാതികൾ ക്രിസ്തുവിലേക്ക് വരുമോ? അതോ ഈ പ്രവർത്തികൾ ചെയ്ത് ജാതികളായി മാറുകയോ? ദൈവത്തിന്റെ കോപം നേരിട്ടു വാങ്ങുന്നത് എന്തിന്? അയ്യോ, എത്ര ലജ്ജാകരമായ കാര്യങ്ങളാണ് ക്രിസ്തീയ സഭകൾ ഇന്ന് ചെയ്യുന്നത്. വൃക്ഷത്തിന്റെ ചുവട്ടിൽ ദൈവത്തിന്റെ കോടാലി വീഴുവാൻ സമയമായി. ദൈവത്തേയും മാമോനേയും ഒരേ തോണിയിൽ കൊണ്ടുപോകുവാൻ പറ്റുമോ? ദൈവാലയങ്ങളിൽ ദൈവികവും ജാതികവും ഒരുമിച്ചു എങ്ങനെ നടക്കും?

യേശുവിന്റെ കാലത്ത് ആലയത്തിൽ നിന്ന് ചമ്മട്ടികൊണ്ട് അടിച്ചു പുറത്താക്കിയതുപോലെ ഇന്നു ആലയത്തിൽ കാണിക്കുന്നതു അതിനു തുല്യമല്ലേ. ഹേ, സഭാനേതാക്കന്മാരേ, അവർക്കു കൂട്ടുനിൽക്കുന്ന സഭാവിശ്വാസികളെ നിങ്ങൾക്ക് ഹാ കഷ്ടം! സത്യവചനത്തിനു വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നത് കാണുമ്പോൾ അതിനെതിരെ വിശ്വാസികൾ പ്രാർത്ഥിക്കണം, പ്രതികരിക്കണം. വചനം സത്യമാണ്.

ഒന്നാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത് ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതേയും പാപികളുടെ വഴിയിൽ നിൽക്കാതേയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതേയും ന്യായപ്രമാണം അനുസരിച്ച് ജീവിച്ചാൽ ഭാഗ്യവാൻ എന്നാണ്. ഒന്നാമതായി, ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുതെന്നാണ്. എന്നാൽ ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത് വലിയവർ എന്ന് കരുതുന്നവർ, ദൈവജനത്തെ ഇല്ലാതാക്കുവാൻ ഒരുങ്ങിയിരിക്കുന്ന ഒരു കൂട്ടം ദുഷ്ടന്മാരായ തന്ത്രശാലികളുടെ തന്ത്രത്തിൽ വീണുപോയി എന്നുള്ളതാണ്. അവരുടെ വഴിയിലേക്ക് മേലദ്ധ്യക്ഷന്മാർ വീണിരിക്കയാണ്. ഇങ്ങനെയുള്ള ചെന്നായ്കളെ ദൈവജനം തിരിച്ചറിയുന്നില്ലായെങ്കിൽ ചെന്നു വീഴുന്നത് വലിയ ഗർത്തത്തിലേക്കായിരിക്കും. എന്നാൽ ഒരുകാലത്ത് ക്രിസ്ത്യാനിയെന്ന് അഭിമാനിച്ചിരുന്നവരിൽ ചിലർ ജാതികളുടെ രീതിയിലേക്ക് വീണു കഴിഞ്ഞു.

രണ്ടാമതായി, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുത് എന്നാണ്. ഈ അടുത്തിടെ കാണുന്ന പ്രവണത സമുദായ നേതാക്കൾപ്പോലും ജീവനുള്ള ദൈവത്തെയും, വിശ്വാസികളേയും പരിഹസിച്ചു ഇല്ലാതാക്കുവാൻ തുനിയുന്നു എന്നുള്ളതാണ്. ഇങ്ങനെയുള്ള പരിഹാസികളുടെ ഇരിപ്പിടം പങ്കുവെക്കുന്നവരുടെ അവസ്ഥ ഏറ്റവും ഭയങ്കരമായിരിക്കും, സംശയമില്ല.

മൂന്നാമതായി, പാപിയുടെ വഴിയെക്കുറിച്ചാണ് പറയുന്നത്. ഒരു കാലത്ത് പാപിയായിരുന്നവർ ദൈവവചനം മനസ്സിലാക്കി അതിൽ കൂടി കടന്നുവന്നവർ വീണ്ടും പാപത്തിന്റെ വഴിയിലേക്ക് പോകുന്ന ദുരവസ്ഥ നാം ഇന്നു കാണുന്നു. ദൈവജനം എപ്പോഴും പാപത്തിന്റെ ഗതി, രീതി എന്നിവ മനസ്സിലാക്കി സൂക്ഷിച്ചു ഒഴിഞ്ഞു മാറിയാൽ നല്ലതാണ്.

ഇതൊക്കെ കാണുമ്പോൾ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന ഈറ്റുനോവിന്റെ കാലമെന്ന് മനസ്സിലാക്കി കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന് നാം ഗ്രഹിക്കണം. മനം തിരിഞ്ഞു മടങ്ങിവരാത്തവർ അവസാന നാളിലെ വിളവെടുപ്പിൽ ദുഃഖിക്കേണ്ടിവരും. വിശുദ്ധിയിൽ ജീവിക്കുന്നവർ നിത്യാനന്ദം അനുഭവിക്കും.

വെളിപ്പാടു പുസ്തകത്തിന്റെ 3-ൽ യോഹന്നാൻ വിളിച്ചു പറയുന്നു ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവനും ഭാഗ്യവാന്മാർ. സമയം അടുത്തിരിക്കുന്നു, വരുവാനുള്ളവൻ വരും നിശ്ചയം.

നാം രക്ഷപ്പെടേണ്ടതിനു വചനം നമുക്ക് ബുദ്ധി ഉപദേശത്തിനായി എഴുതിയിരിക്കുന്നു. നിങ്ങളോ സകലവും ഒരിക്കൽ അറിഞ്ഞുവെങ്കിലും നിങ്ങളെ ഓർപ്പിപ്പാൻ ഞാൻ ഇച്ഛിക്കുന്നതെന്തെന്നാൽ കർത്താവ് ജനത്തെ മിസ്രേയിമിൽ നിന്നു രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നത്തേതിൽ നശിപ്പിച്ചു (യൂദ 1-5). ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച് ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അഭക്തിയോടെ ചെയ്ത സകല ഭക്തിവിരുദ്ധമായ സകല പ്രവർത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരേ പറഞ്ഞ നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെയൊക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു (യൂദ 14,15).

ഇവിടെ നാം മനസ്സിലാക്കേണ്ട വസ്തുത ആദാം മുതൽ ഇന്നുവരെയുള്ള സകല ഭക്തികെട്ടവരേയും വിധിപ്പാൻ കർത്താവ് ആയിരമായിരം വിശുദ്ധന്മാരുമായി വരും! ഒരുങ്ങി നില്ക്കുന്നവർക്ക് അവനോടുകൂടെ പന്തിയിൽ ഇരിക്കാം. നില്ക്കരുതാത്ത സ്ഥലത്ത് മ്ലേച്ഛത നില്ക്കുന്നത് കാണുമ്പോൾ ദൈവജനം ഉണർന്നു കൊള്ളേണം. ചില വരികൾ ഓർത്തുപോകുന്നു... മാലിന്യപ്പെട്ടിടാതോടീടുകമണവാളൻ വരവേറ്റം അടുത്തുപോയി മണിയറയിൽ പോയി നാം ആശ്വസിപ്പാൻ ഒരുങ്ങീടാം...(വിശുദ്ധിയെ തികച്ചു നാം)

## MEPC ANNUAL CONVENTION 2018

മിഡിൽ ഈസ്റ്റ് പെന്തക്കോസ്തൽ ചർച്ചിന്റെ (MEPC) വാർഷിക കൺവെൻഷൻ നവംബർ മാസം 26,27,28 എന്നീ തീയതികളിൽ വൈകുന്നേരം 7:15 മുതൽ 9:30 വരെ സെഖയയിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ വെച്ച് നടത്തുന്നു. മുഖ്യ പ്രഭാഷകൻ റവ.റ്റി.ജെ.സാമുവേൽ (ജെനറൽ സെക്രട്ടറി, അസംബ്ലീസ് ഓഫ് ഗോഡ്, ഇൻഡ്യ) ആയിരിക്കും. ഗാനശുശ്രൂഷ MEPC CHOIR നിർവ്വഹിക്കുന്നതായിരിക്കും എന്ന് പ്രസിഡന്റ് പാസ്റ്റർ ജെയ്സൻ കുഴിവിള, സെക്രട്ടറി ബ്രദർ യോഹന്നാൻ പാപ്പച്ചൻ എന്നിവർ അറിയിച്ചു.



റവ.റ്റി.ജെ.സാമുവേൽ

**കൂടുതൽ വിവരങ്ങൾക്ക് :**

**33353205, 37755103**

## PROMISE & COMMAND OF THE MONTH

### PROMISE

*റോമർ 8:34*

*ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു.*

### COMMAND

*സദൃശ്യവാക്യങ്ങൾ 7:2*

*നീ ജീവിച്ചിരിക്കേണ്ടതിന്നു എന്റെ കല്പനകളെയും ഉപദേശത്തെയും നിന്റെ കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ കാത്തുകൊൾക*




ക്രിസ്തീയ ഗാനാവലി

ആയിരത്തിൽ പരം ഗാനങ്ങളുടെ വരികൾ
പാട്ട് പുസ്തകങ്ങൾ, ഗാനസന്ദർഭങ്ങൾ
ഗാനരചയിതാക്കളുടെ ജീവചരിത്രം

WWW.KRISTHEEYAGAANAVALI.COM

# നരകം

തിരശ്ശീല ക്കപ്പുറം... 8

പാപക്ഷമ ലഭിക്കാത്ത എല്ലാ മനുഷ്യരും ഒന്നടങ്കം ചെന്ന് പതിക്കുന്ന അന്തിമ സ്ഥാനമാണ് നരകം. ഏറ്റവും ഭയാനകവും വേദനാജനകവുമായ നരകാനുഭവ ചിന്തകളും വിശദീകരണങ്ങളും പാപമോചനത്തിനും സുവിശേഷീകരണത്തിനുമുള്ള തിടുക്കം പതിന്മടങ്ങ് വർദ്ധിപ്പിക്കുക തന്നെ ചെയ്യും. 'പാമ്പുകളെ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും' എന്നാണ് കർത്താവ് മത്തായി 23:33 -ൽ ചോദിക്കുന്നത്. ആർക്കും ഒഴിഞ്ഞുപോകാൻ കഴിയാത്ത കഠിനവും കഠോരവുമായ വിധിയാണ് 'നരകവിധി'. മനുഷ്യർക്ക് നരകം വിധിക്കുന്നതും താൻ തന്നെയാണ്. ആർക്കും മാറ്റിക്കൂടാത്ത വിധി. പുതിയ നിയമത്തിൽ നരകത്തെക്കുറിച്ച് പറയുന്ന 12 വേദവാക്യങ്ങളിൽ 11 വാക്യങ്ങളും കർത്താവ് താൻ തന്നെയാണ് പറയുന്നത് എന്നത് ശ്രദ്ധേയവും ഗൗരവുമാണ്..

## നരകം ഒരു സ്ഥലം

ചിലർ ചിന്തിക്കുന്നതുപോലെ മനുഷ്യനിൽ ഭയമുളവാക്കി നേർ വഴിക്ക് നടത്താനുള്ള ഒരു ഭാവനാസൃഷ്ടിയല്ല നരകം. ഇത് യഥാർത്ഥ സ്ഥലം തന്നെയാണ്.

*1.* ദൈവമക്കൾ നിത്യകാലം വസിക്കുന്ന സ്വർഗ്ഗം ഒരു സ്ഥലമായിരിക്കുന്നതിനാൽ ദൈവമക്കളല്ലാത്തവർ (പിശാചിന്റെ മക്കൾ) നിത്യകാലം വസിക്കുന്ന നരകവും ഒരു സ്ഥലമാണ്.

*2.* പാപികളായ മനുഷ്യർ പാർക്കുവാനുള്ള ഇടമായതിനാൽ ഇതൊരു സ്ഥലമാണ്. കാരണം, നരക നിവാസികൾക്ക് ആത്മാവ് മാത്രമല്ല ദേഹവുമുണ്ട്.

*3.* ലൂക്കോസ് 16 ന്റെ 19 മുതലുള്ള വാക്യങ്ങളിലെ ധനവാനെക്കുറിച്ചുള്ള പരാമർശവും അവനടയ്ക്കപ്പെട്ടിരിക്കുന്ന അധമ പാതാളത്തെക്കുറിച്ചുള്ള വർണ്ണനയും ഇതൊരു സ്ഥലമാണെന്ന് ഉറപ്പാക്കുവാനുപകരിക്കുന്നു.

*4.* നരകവാസികളെ ദണ്ഡിപ്പിക്കാനുള്ള ദണ്ഡനോപാധികൾ സ്ഥിതി ചെയ്യാനും സ്ഥലം ആവശ്യം തന്നെ.

### നരകം എങ്ങനെയുള്ള സ്ഥലം

1. നിത്യശിക്ഷയുടെ സ്ഥലം (മത്താ. 25:46)
2. നിത്യയാതനകളുടെ സ്ഥലം (ലൂക്കോ. 16:23)
3. നത്യനാശത്തിന്റെ സ്ഥലം (2 തെസ്സ. 1:10)
4. ദൈവകോപത്തിന്റെ സ്ഥലം (മത്താ. 3:7)
5. അഗ്നിസ്നാനത്തിന്റെ സ്ഥലം (മത്താ. 3:10)
6. കെടാത്ത തീയുള്ള സ്ഥലം (മത്താ. 3:12, വെളി. 2:15)
7. പുഴുക്കൾ ഉള്ള സ്ഥലം (മത്താ. 9:44)
8. കരച്ചിലും പല്ലുകടിയും ഉള്ള സ്ഥലം (മത്താ. 8:12)
9. നിത്യാഗ്നിയുടെ സ്ഥലം (മത്താ. 18:8-10)
10. പരസ്പരം തിരിച്ചറിയാൻ കഴിയുന്ന ഇടം (ലൂക്കോ. 16:23)
11. സഫലീകരിക്കാത്ത ആഗ്രഹങ്ങളോടെ ജീവിക്കേണ്ട സ്ഥലം (ലൂക്കോ. 16:24-27)

## പേരിന്റെ ഉത്ഭവം

പുതിയ നിയമത്തിൽ 'ഗീഹെന്നാ' (GEHENNA) എന്ന പദമാണ് നരകത്തെക്കുറിച്ച് പറയാനായ് ഉപയോഗിച്ചിട്ടുള്ളത്. ഈ പേര് വരുവാനൊരു കാരണമുണ്ട്. അതായത് യെരുശലേമിന് കിഴക്ക് ഭാഗത്തായി ഹിന്നോം എന്ന പേരിലൊരു താഴ്വരയുണ്ട്. ശലോമോൻ രാജാവ് കെമോശിനും മോലെക്കിനും ക്ഷേത്രങ്ങൾ പണിതത് ഇവിടെയാണ് (1 രാജാ. 11:7-8). ഈ സ്ഥലത്തെ 'നാശപർവതം' എന്നും പറഞ്ഞിട്ടുണ്ട് (2 രാജാ. 23:13).

യോശിയാ രാജാവിന്റെ വാഴ്ചക്കാലത്ത് അശുദ്ധസാധനങ്ങൾ വലിച്ചെറിയുന്ന ഒരു സ്ഥലമായിത്തീർന്നു (2 രാജാ. 23:10,13). കാലാന്തരത്തിൽ പട്ടണത്തിലെ ചവറുകളും ചപ്പുകളും മാത്രമല്ല തൂക്കിക്കൊല്ലപ്പെട്ടവരുടെ ശവങ്ങളും അസ്ഥികളും വലിച്ചെറിയുന്ന ഇടം കൂടെയായ് ഇത് രൂപപ്പെട്ടു. ആ വിധത്തിൽ എല്ലാ അഴുക്കുകളും കുന്നു കൂടി കിടക്കുന്ന സ്ഥലമായി ഇതിനെ കണക്കാക്കി.

കർത്താവ് ഭൂമിയിൽ വന്ന കാലത്തും ഹിന്നോം താഴ്വരയുടെ സ്ഥിതി ഇത്തരത്തിൽ തന്നെ ആയിരുന്നു. ഇവിടത്തെ ചണ്ടിക്കൂമ്പാരങ്ങളിൽ ഇടക്കിടെ തീയിടും. അപ്പോൾ ഒരു ഭാഗത്ത് തീ കത്തി പുകഞ്ഞു കൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് അഴുക്കുകളിലും ശവങ്ങളിലും പുഴുക്കൾ നിറഞ്ഞിരിക്കും. അങ്ങനെ ഒരേ സമയത്തു തന്നെ ഒരു ഭാഗത്ത് പുഴുവും മറുഭാഗത്ത് തീയും കാണപ്പെടുന്ന ഒരിടമായ് ഇതിനെ കാണാമായിരുന്നു. യഹൂദന്മാർക്ക് ചിരപരിചിതമായ ഹിന്നോം താഴ്വരയുടെ അവസ്ഥയെ കണ്ടുകൊണ്ടാണ് നിത്യദണ്ഡനത്തിന്റെ പര്യായമായ് തീയും പുഴുവുമൊക്കെ ഉള്ളതായ നരകത്തെ വിശേഷിപ്പിക്കാൻ 'ഗീഹെന്നാ' എന്ന പദം കർത്താവ് ഉപയോഗിച്ചത്.

കർത്താവിന്റെ കാലത്ത് ഹിന്നോം താഴ്വര നരകത്തിന് പര്യായ പദമായി ഉപയോഗിച്ചു വന്നു. എന്നാൽ അതല്ലായിരുന്നു യഥാർത്ഥ നരകം. തന്മൂലം കർത്താവ് ഹിന്നോം താഴ്വരയിലെ അവസ്ഥ ചൂണ്ടികാണിച്ചുകൊണ്ട് നരകത്തിന്റെ അവസ്ഥ മനുഷ്യർക്ക് വിശദീകരിച്ചു കൊടുത്തു എന്ന് മനസ്സിലാക്കാം. കർത്താവ് ഗീഹെന്നാ എന്ന പദം ഉപയോഗിച്ചത് ഹിന്നോം താഴ്വരയെ ഉദ്ദേശിച്ചല്ല. പിന്നെയൊ ഹിന്നോം താഴ്വരയേക്കാൾ ഭീകരമായ അധോലോകത്തിലെ നരകത്തെയാണ് എന്ന് പ്രത്യേകം മനസ്സിലാക്കണം.



ജിജോ അങ്കമാലി

ഈ ഭീകരത മനുഷ്യൻ മനസ്സിലാക്കണമെന്നും ആയതിൽ നിന്നുള്ള വിടുതലിൻ മാർഗ്ഗം ഏവരും വിശ്വസിക്കണമെന്നും ആഗ്രഹിച്ച ദൈവം നരകത്തിൽ നിന്നുള്ള മോചനത്തിനായുള്ള സകലവും നിവൃത്തിയാക്കി. ആയതിനാൽ കർത്താവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്ക.

ആയതുപോലെ നരകാഗ്നിയിലേക്ക് നിപതിക്കുന്ന ചിലരെ, ചില എരിയുന്ന കൊള്ളികളെ വലിച്ചെടുത്ത് രക്ഷിക്കാനും നാം ശ്രമം ചെയ്യണം. നാം ചെയ്തില്ലെങ്കിൽ പിന്നാരു ചെയ്യും!






*Prayerful wishes for a blessed married life to*

**Sujith**

(Church Of God Full Gospel Prayer Fellowship, Bahrain)

**& Vennila**

*Best compliments from the family of*

Hello Hope ഹലോ ഹോപ്പ്

# ഞാൻ ദൈവത്തെ സ്നേഹിക്കുന്നെങ്കിലും എന്തുകൊണ്ട് ഈ അഗ്നിശോധന?



വി.സി.കുര്യൻ
ജാർഖണ്ഡ്

കുഞ്ഞുങ്ങളെ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു. അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവൻ അല്ലോ - (1 യോഹ.4:4)

ഒരു വിശ്വാസിയുടെ ജീവിതം പ്രാകൃത മനുഷ്യ ജീവിതത്തെക്കാൾ ഉയർന്നതും അർത്ഥസംപുഷ്ടവും ലക്ഷ്യ സഹിതവുമാണ് എന്നാൽ ഒരിക്കലും കഷ്ടരഹിതമല്ല.

ഒരു പക്ഷെ, നിന്നെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് കഷ്ടതയുടെ കൈപ്പുനീരിന്റെ പാനപാത്രത്തിൽ നിന്നും മോന്തികുടിക്കുവാൻ ആയിരിക്കാം, അത് ഉദ്ദേശം ഇല്ലാതെയല്ല. ദൈവപൈതൽ കഷ്ടങ്ങളെ അഭിമുഖീകരിക്കുന്നത് ലോക മനുഷ്യരേക്കാൾ വ്യത്യസ്ത രീതിയിൽ ആകുന്നു എന്ന് ലോകത്തെ മാതൃക കാണിക്കുന്നതിനാകുന്നു.

2 കൊരിന്ത്യരിൽ വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക 'ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിൽ ഉള്ളവരെ ആശ്വസിപ്പാൻ ശക്തരാകേണ്ടതിന്നു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കേയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു'. ഇതാണ് കഷ്ടതയുടെ വേറൊരു ഉദ്ദേശം, നമ്മെ മറ്റുള്ളവർക്ക് ഉപകാരപ്രദം ആക്കിതീർക്കുവാൻ നമ്മെ മുറിക്കുകയും മുറിവു കെട്ടുകയും ചെയ്യുന്നു.

ഇതിനൊക്കേയും നമ്മെ ശക്തീകരിക്കുന്നത് നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. നമ്മുടെ കഷ്ടതയിൽ ദൈവസാന്നിദ്ധ്യബോധം നമ്മിൽ ഉണ്ടാകുന്നില്ലെങ്കിൽ നാം ഇതിനെ അഭിമുഖീകരിക്കുന്ന രീതി 'എങ്കിലും എന്നോടിങ്ങനെ ചെയ്തല്ലോ' എന്നുള്ള കോപത്തിന്റേയും പിറുപിറുപ്പിന്റേയും അഹന്തയുടേയും പരിതാപത്തിന്റേയും മനോഭാവത്തിൽ ആയിരിക്കും.

കഷ്ടതയുടെ വേറൊരുദ്ദേശം നമ്മെ ശക്തീകരിക്കുന്നതിനും സജ്ജീകരിക്കുന്നതിനും ആകുന്നു. പറക്കശീലം കുഞ്ഞുങ്ങൾക്കു വരുത്താൻ കഴുകൻ അതിന്റെ കൂട് ഇളക്കാറുണ്ടല്ലൊ. ഇരുമ്പിന്റെ കാഠിന്യം വർദ്ധിപ്പിക്കുവാൻ ഉലയിൽ കാച്ചി പഴുപ്പിക്കാറുണ്ട്.

സ്വർണ്ണം ശുദ്ധീകരിക്കുന്നത് തീയിൽ ഊതി കഴിച്ചിട്ടാണല്ലോ. സ്വർണ്ണം ശുദ്ധീകരിക്കുന്ന തട്ടാന്റെ രൂപം അതിൽ പ്രതിബിംബിക്കുന്നതാണ് പാകം. നമ്മുടെ കർത്തവുമായി സാരൂപ്യം പ്രാപിക്കുന്നതുവരെ നാം തീയിൽകൂടി കടന്നു പോകേണ്ടി വരും. '....പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിത്' (1പത്രൊസ് 1:7). പതറിപ്പോകരുത്.

HH Rhythm



ഡോ. മാത്യു സി. വർഗീസ്

കൺകൾ തുറന്നു നീ കാണുക
കാൽവരി മലമേൽ കാരുണ്യ നാഥൻ
കാൽകരങ്ങളിൽ കാരിരുമ്പാണിയേറ്റ കർത്തൻ
ശിരസ്സിൽ മുൾമുടി അണിഞ്ഞ നാഥൻ
ഘോരകുരിശിൽ പ്രാണനോവിനാൽ
പിടയുമീ കദനത്തിൻ കാഴ്ച കാൺക

നാഥൻ മുഖത്ത് കാണും കഠിന വേദന
എൻ കഠോര പാപത്തിൻ ഭാരമല്ലയോ
എൻ ദുഷ്ചിന്തയും സർവ്വ തിന്മയതും
പാവനമാം തിരുശിരസ്സിൽ മുൾക്കിരീടമായി

നീച മനുജർ തകർത്തു പൂമേനി
എൻ ശാന്തിക്കായി ശിക്ഷ ഏറ്റുവാങ്ങി നീ
എൻ പാപം പോക്കാൻ തിരുനിണം ചൊരിഞ്ഞു
നിൻ അടിപ്പിണരാൽ ഞാൻ സൗഖ്യമായി

പ്രകാശം ഒളിക്കുന്നു, ഭൂപ്രതലം വിറയ്ക്കുന്നു
പ്രപഞ്ചത്തിൻ നാഥൻ തലചായ്ക്കുംപോൾ
ചിന്തി തിരശ്ശീല, മൃതർ ഉയിർക്കുന്നു
'നിവൃത്തിയായി' മുഴുങ്ങുന്നു വിജയ ഭേരി

നിൻ തിരുമുറിവിൽ കാണുന്നെൻപേരും
നിൻ മരണത്താൽ ഞാൻ സ്വതന്ത്രനായ്
മൃത്യു തകർന്നല്ലോ, ജീവൻ ഉയിർത്തല്ലോ
നിസ്വാർത്ഥമാം നിൻ സ്നേഹ യാഗത്താൽ

കൺകൾ തുറന്നു നീ കാണുക
ക്രൂശിൽ വിളങ്ങും ദൈവശക്തി
ദൈവ ക്രോധം ക്രിസ്തൻ വഹിച്ചു
പാപ ശാപം നാഥൻ അഴിച്ചു
ദൈവകൃപയാൽ നാം രക്ഷിതർ
നിൽപ്പൂ നന്ദി പൂർവ്വം ക്രൂശിൻ മുമ്പിൽ

*കർത്തൃമേശ സമയത്ത്*
*കർത്താവിന്റെ ക്രൂശിനെ ധ്യാനിക്കുവാൻ എഴുതിയ ഗാനം*






Prayerful wishes for a blessed married life to
Ribu & Mahima
Best compliments from the family of
Hello Hope
ഹലോ ഹോപ്പ്

# മൗനത്തിനുമുണ്ടു ചിലതൊക്കെ പറയുവാൻ...



സണ്ണി തോമസ്
പുതുപ്പള്ളി

ചെറുപ്പകാലങ്ങളിൽ അമ്മയുടെ അടികൊണ്ടു കെറുവിച്ചു മിണ്ടാതെ നടന്നപ്പോൾ ഈ 'മൗന' ത്തിനു ഇത്രയധികം ഗുണമോ മിടുക്കോ ഉണ്ടെന്നു തോന്നിയില്ല. അമ്മയുടെ ഒരു സാന്ത്വന വാക്കു 'സാരമില്ല മോനേ, നീ ഇങ്ങു വന്നേ, ഞാൻ ഒരു കാര്യം പറയട്ടെ', ഇതു കേൾക്കുവാൻ വേണ്ടിയുള്ള ഒരു കാത്തിരിപ്പു മാത്രമായിരുന്നു.

സംസാരിക്കുവാൻ കഴിയുന്നതു പോലെ തന്നെ ദൈവം മനുഷ്യന്നു നൽകിയ ഒരു മഹത്തായ കഴിവാണ് മിണ്ടാതിരിക്കുക, മൗനമായിരിക്കുക. സംസാരത്തിലൂടെ നേടുവാൻ കഴിയുന്നതു പോലെയോ അതിലപ്പുറമോ നേടുവാൻ അവസരോചിതമായ മൗനത്തിനു കഴിയും എന്നു പറഞ്ഞാൽ അതിശയോക്തിയായി തോന്നും. Silence speaks volumes.

ഏകാഗ്രതക്കും, സ്വയം മനസ്സിലാക്കുവാനും, നഷ്ടപ്പെട്ട വിൽ പവ്വർ തിരികെ പിടിക്കുന്നതിന്നും, സൃഷ്ടിപരമായ കാര്യങ്ങൾ ചിന്തിക്കുന്നതിന്നും, നല്ല തീരുമാനങ്ങൾ കൈകൊള്ളുന്നതിന്നും, പേശികളുടെ പിരിമുറുക്കം കുറക്കുന്നതിന്നും, മാനസിക വിഷവിമുക്തിക്കും (Mental Detoxification), ചില രോഗങ്ങൾക്കു മരുന്നായും മൗനം ഉപദേശിക്കാറുണ്ട്. ദേഹം, ദേഹി, ആത്മാവ് ഇവയെ ഒരേ ശ്രേണിയിലേക്കു കൊണ്ടുവരുവാൻ മൗനം അനിവാര്യമാണ്.

ഇഷ്ടമില്ലായ്മ പ്രകടിപ്പിക്കുന്നതിനുള്ള ലളിത മാർഗമാണ് മൗനം. മനസ്സോടെയല്ലെങ്കിലും സമ്മതിക്കേണ്ടി വരുമ്പോൾ 'മൗനം സമ്മത ലക്ഷണം' എന്നല്ലേ പഴഞ്ചൊല്ല്. അറിഞ്ഞുകൂടാ, ഇടപെടുവാൻ ആഗ്രഹം ഇല്ല, ഇടപെട്ടാലും പ്രയോജനമില്ല, ഇത്യാദി വികാരങ്ങളൊക്കെ മനുഷ്യൻ മൗനത്തിലൂടെ പ്രകടിപ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത കുറ്റാരോപണങ്ങളെ മൗനഭാഷ പേട്രിയറ്റ് മിസൈൽ കണക്കെ തകർത്തെറിയുന്നു എന്നു മാത്രമല്ല ആക്ഷേപകനെ ഒരുതരം വട്ടു പിടിപ്പിക്കുകയും ചെയ്യുന്നു. കയ്യഫായുടെ അരമനയിൽ യേശു സ്വീകരിച്ച നയവും അതു തന്നെ (മത്തായി 26:23). എന്നാൽ നെഹമ്യാവിന്റെ ശാസനയിങ്കൽ യെരുശലേമിലെ പ്രഭുക്കന്മാരും പ്രമാണികളും ഒരു വാക്കും പറയുവാൻ കഴിയാതെ മൗനമായിരുന്നതു കുറ്റബോധം കൊണ്ടായിരുന്നു.

മനുഷ്യന്റെ കഠിന വികാരത്തോട് (വേദന, ദുഃഖം, സങ്കടം, ദേഷ്യം) പങ്കുചേരുവാൻ മൗനത്തിനുള്ള കഴിവു ഒന്നു വേറെ തന്നെ. ദേഹമാസകലം വല്ലാത്ത പരുക്കൾ ബാധിച്ചു കഠിന വ്യസനത്തിൽ ആയിരുന്ന ഇയ്യോബിനെ കാണുവാൻ വളരെ ദൂരത്തുനിന്നു യാത്ര ചെയ്തു അവന്റെ അടുക്കൽ വന്ന മൂന്നു സ്നേഹിതന്മാർ അവന്റെ വ്യസനം അതികഠിനമെന്നു കണ്ടു ആരും ഒരു വാക്കും മിണ്ടാതെ ഏഴു ദിവസം അവനോടുകൂടെ നിലത്തിരുന്നതു ഒരു World Record ആണെന്നു പറയാം.

തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ പ്രത്യേകിച്ചു വിവാഹ ആലോചനകൾ പോലെ ദൈവഹിതമാണോ എന്നറിയുവാൻ ഒരു Silent waiting നല്ലതാണു. ഒരു നല്ല വിവാഹ ദല്ലാൾ എന്നു വിശേഷിപ്പിക്കാവുന്ന എല്യേസർ, നാഹോരിലെ കിണറ്റിങ്കൽ റിബെക്കയെ ഉറ്റുനോക്കി, യഹോവ തന്റെ യാത്രയെ സഫലമാക്കിയോ ഇല്ലയോ എന്നു വെളിപ്പെടേണ്ടതിന്നു മിണ്ടാതിരുന്നു. നവോമി രൂത്തിനെ ഉപദേശിച്ചതും അതുതന്നെ. 'എന്റെ മകളേ, ഈ കാര്യം എന്താകുമെന്നു അറിയുവോളം നീ അനങ്ങാതിരിക്ക'.

ദൈവശബ്ദം കേൾപ്പാൻ ഇയ്യോബിനു വായ് പൊത്തേണ്ടി വന്നു. ഇയ്യോബേ, ശ്രദ്ധിച്ചുകൊൾക; മിണ്ടാതിരുന്നു ദൈവത്തിന്റെ അത്ഭുതങ്ങളെ ചിന്തിച്ചുകൊൾക. മോശെ ജനത്തോടു: 'മിണ്ടാതിരുന്നു ദൈവശബ്ദം കേൾക്ക, അനുസരിക്കുക, ആചരിക്കുക'.

ദൈവപ്രവൃത്തിക്കു ഇടംകൊടുപ്പാൻ മോശെ ചെങ്കടലിങ്കൽ ജനത്തോടു: 'നിങ്ങൾ മിണ്ടാതിരിപ്പിൻ, ഭയപ്പെടേണ്ടാ, ഉറച്ചുനില്പിൻ, യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും, യഹോവ ഇന്നു നിങ്ങൾക്കു ചെയ്വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ'. മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ' (സങ്കീ. 46:10).

രണ്ടു പുത്രന്മാർ ദാരുണമായി കൊല്ലപ്പെട്ട അഹരോൻ ദൈവശിക്ഷ തർക്കം കൂടാതെ ശിരസ്സാ വഹിച്ചതു മിണ്ടാതെയിരുന്നായിരുന്നു (ലേവ്യാ.10). കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. യോഹന്നാന്റെ അപ്പനായ സെഖര്യാവിനു അവിശ്വാസത്തിനു ലഭിച്ച ശിക്ഷ ഒരു നീണ്ട മൗനമായിരുന്നു.

ജ്ഞാനിയായും ബുദ്ധിമാനായും ഒക്കെ അറിയപ്പെടുന്നത് എല്ലാവർക്കും പ്രിയമാണ്. എന്നാൽ ജ്ഞാനവും ബുദ്ധിയും ഉണ്ടായിട്ടു അങ്ങനെ അറിയപ്പെടുക എന്നതു അത്ര എളുപ്പമല്ല. പിന്നെ എല്ലാവർക്കും സാദ്ധ്യമായ ഒരു എളുപ്പവഴി ശലോമോൻ പറയുന്നു, 'മിണ്ടാതിരിക്കുക' വെരി സിമ്പിൾ. ഭോഷനാണെങ്കിലും തൽക്കാലത്തേക്കെങ്കിലും ജ്ഞാനിയായും വിവേകിയായും കരുതപ്പെടും. പരിജ്ഞാനമുള്ളവൻ വാക്കു അടക്കിവെക്കുന്നു, വാക്കു അടക്കി വെക്കുന്നവൻ 'പരിജ്ഞാനമുള്ളവൻ', എന്താല്ലേ. മൌനം വിദ്വാനു മാത്രമല്ല ഭോഷനും അതൊരു ഭൂഷണം തന്നെ.

മൌനമായിരുന്നു മൌനത്തിന്റെ ഗുണവും ശക്തിയും തിരിച്ചറിഞ്ഞു തക്കത്തിൽ പ്രയോഗിക്കുവാനും പ്രയോജനപ്പെടുത്തുവാനും ഇടയാകട്ടെ. ഒരു 'മൌനി' ആയിപ്പോകാതിരിപ്പാൻ സൂക്ഷിക്കണം കേട്ടോ.

# Lesson from the FLOODS
# HE is SOVEREIGN

Raji Unnikrishnan

(Continued from Page 1)

This led me to an anxiety and honestly a tremble which could be an early stage of fear, and to the second thought – His sovereignty. Hapless and helpless we humans stood at the face of the calamity as nature took her own time to stage her fury and finally cool off. Yes, I am sure there is no single Malayali who did not seek God for His mercy – to command and take control of His creations. I am glad that it led me a reassurance – God is in control. Yes, hundreds died, close to a million displaced, yet He is in control – look at those countless blessings that are proof – the fishermen, the forces, the volunteers, the celebrities, the medics, the civils servants and the list goes on... The amount of flood relief aid and support that are still pouring into the state, plus the vigour instilled in each true Malayali, that we will rebuild God's Own Country – what else is that but His providence?

Finally the lesson that the floods taught me is to cling on to an ultimate FAITH, for we know not what the future holds. This faith would reinforce within us the supreme truth, that the Master has the blueprint.

The devastating floods took us all by surprise and left us baffled - emotionally, those of us far from our homes and physically, those in the thick of things. At a time of rebuilding efforts where prayers along with aid is crucial, I pray that God help us and our generations to live long enough before we ever would have to ever refer to the "flood of the 2018".

*"He says to the snow, 'Fall on the earth,' and to the rain shower, 'Be a mighty downpour.'"* Job 37:6

A Sparrow



Prayerful wishes for a blessed married life to
Erin
(Bethel Brethren Assembly, Bahrain)
& Manu
With best compliments
Hello Hope ഹലോ ഹോപ്പ്

# THE REJECTION AND THE REDIRECTION



Joel G. Jacob

*"Some of God's greatest gifts are unanswered prayers"*

Remember the time when you knelt down for hours praying for something, fasting for days and praying strong prayers that'll bring the heavens down and still nothing happened? And then you just left murmuring to yourself, Why God didn't answer that prayer? Why didn't he crack open the heavens and send angels with deliverance? Well, it's simply because it wasn't according to His plan! We humans many times, with our limited understanding try to educate a God of unlimited knowledge and wisdom. The songs we sing, the testimonies we say are all so divine that it makes the apostles look like ordinary Sunday church goers. We sing and ask God to unveil His will and only His will in our lives and when he does it, we are not so happy and question the Creator of the universe.

The problem with our limited understanding is that our vision is also limited. The way we understand things or the way we comprehend things is within our limited understandings. But the God we serve is a God without limits. He saw your end before you began. And when He said that, 'He will carry you till the end', He meant every word. We are faced with rejection most times that we don't see the bigger picture many times. Yes, He loves you, Yes, He sometimes doesn't answer your prayers. No, it is not because he forgot you, it is only because he is redirecting you to a better plan. We are stuck up on the temporary roadblocks that come in our way that we lose focus on the greater glory in the bigger picture. We forget the big picture, because we are always looking closely on the smaller things. The Bible has many examples were their requests were denied, but the stories doesn't end there. Read a little further and we'll know that that rejection redirected them to a greater blessing. If God had answered all our prayers, we wouldn't be here. We don't serve a God who is a yes man. We serve a God who is the reason behind our very existence and the one who calls the stars by name.

I am sure Joseph must have prayed when he was thrown in the well, or when he was sold or when he was in Potiphar's house, but his prayers weren't answered. For a person who hasn't read the entire story would be thinking, 'Hmm... what a cruel God'. But those who know the life of Joseph knows, that one of the reasons he became the Prime Minister of the greatest nation was because of all those unanswered prayers. So next time a prayer is not answered, don't think He forgot you, he denied it because He remembers you and cares for you and He have something better and greater planned ahead. Just watch out for the bigger picture. Because the same hands that hold the stars, are the same hands that holds you.

God wrecks your plans, because if He didn't, it would wreck you!

# ശത്രു

ചെറുകഥ



സ്റ്റാൻലി അടൂർ

കുർബാനയ്ക്കു ശേഷമുള്ള പ്രസംഗത്തിൽ അച്ചൻ പറഞ്ഞു 'നിങ്ങളുടെ ഇടവകാംഗങ്ങളെ മാത്രം സ്നേഹിച്ചാൽ മതി; അതിലും വല്യ പുണ്യപ്രവൃത്തിയില്ല' . ചെറിയ ഇടവക ആയതിനാൽ അച്ചന്റെ പ്രസംഗം മിക്കപ്പോഴും ചോദ്യോത്തര രീതിയിലുള്ളതാണ്. ചോദ്യം കേട്ടയുടനെ തോമാച്ചൻ എഴുന്നേറ്റു നിന്നു ചോദിച്ചു 'അച്ചോ, ബൈബിളിൽ ഇങ്ങനെയല്ലല്ലോ; കർത്താവ് പറഞ്ഞത് ശത്രുക്കളെ സ്നേഹിക്കുക എന്നല്ലേ?'.

അതു തന്നെയാ ഞാനും പറഞ്ഞത്. അച്ചൻ പറഞ്ഞത് കേട്ടു ഇടവകാഗങ്ങളുടെ കണ്ണു ഒതളങ്ങപോലെ പുറത്തേക്ക് തള്ളി!!!

കുഞ്ഞാടുകളുടെ കണ്ണുകളിലെ സംശയം മനസ്സിലാക്കി അച്ചൻ തോമാച്ചനിൽ നിന്ന് തന്നെ തുടങ്ങി 'തോമാച്ചോ...നിന്റെ ഏറ്റവും വലിയ ശത്രു ആരാണെന്നു പറയാമോ?' അവൻ ചോദ്യം കേട്ടയുടനെ അനിയൻ കറിയാച്ചനെ ഒന്നിരുത്തി നോക്കി...കറിയാച്ചന്റേയും ഘടാഘടിയന്മാരായ മൂന്നു മക്കളുടേയും എട്ടുകണ്ണുകളുടെ മുന്നിൽ തോമാച്ചൻ മുഖം തിരിച്ചു തല താഴ്ത്തി ഇരുന്നു. ഇടവകയിലെ അതിരു തർക്കങ്ങളിൽ കുപ്രസിദ്ധമായിരുന്നു തോമാച്ചൻ Vs കറിയാച്ചൻ തർക്കം.

നിശബ്ദതയ്ക്ക് വിരാമം കുറിച്ച് അച്ചന്റെ അടുത്ത ചോദ്യം വന്നു 'മറിയാമ്മോ...നിന്റെ ഏറ്റവും വലിയ ശത്രു ആരാണെന്ന് ഒന്ന് പറയാമോ?'. മറിയാമ്മ മറുപടി പറയാതെ മരുമോളെ നോക്കി...അച്ചൻ ഇടവേള കൊടുക്കാതെ യുവജനങ്ങളിലേക്ക് തിരിഞ്ഞു ടോമിച്ചനോട് ചോദിച്ചു 'നിന്റെ ഏറ്റവും വലിയ ശത്രു ആരാ ടോമി?'. അച്ചനായതുകൊണ്ട് മാത്രം അവൻ മറുപടി പറയാതെ ചൊറിഞ്ഞു വന്ന നാവിനെ അടക്കി, തന്നെ തേച്ചിട്ട് ഇടവകയിലെ പ്രമാണിയുടെ മകനെ കെട്ടി കൈയ്യിലൊരു ട്രോഫിയുമായിരിക്കുന്ന സോണിയായെ നോക്കി കുനിഞ്ഞിരുന്നു...
അച്ചൻ കൂടുതൽ ഒന്നും ചോദിക്കാതെ വാച്ചിൽ നോക്കി കൺക്ലൂഷനിലേക്ക് തിരിഞ്ഞു...'ഇന്നു ലോകം അവനവന്റെ വീട്ടിലേക്ക് ഒതുങ്ങി; അല്ലെങ്കിൽ ഒതുക്കി. മനുഷ്യനു അവന്റെ വീട്, പ്രവർത്തനമേഖല പിന്നെ സമുദായം...അതിനപ്പുറം മറ്റൊരു ലോകം ഇല്ല. എന്തിനേറെ അയൽക്കാർ പോലും ഇല്ല. അതാണ് ഈ നാട്ടിൽ ഇത്രയും അസഹിഷ്ണുതയ്ക്ക് കാരണം!! അതുകൊണ്ട് പ്രിയ സഹോദരങ്ങളെ...ഇന്ന് നിങ്ങളുടെ ശത്രുക്കളെ നിങ്ങൾക്ക് വീട്ടിലോ, ജോലിസ്ഥലത്തോ അല്ലെങ്കിൽ ഇടവകയിലോ കാണാം; വേറെങ്ങും അന്വേഷിച്ചു പോകേണ്ട!! അതാണ് ഞാൻ ആദ്യമേ പറഞ്ഞത് നിങ്ങൾ ഇടവകക്കാരെ മാത്രം സ്നേഹിച്ചാൽ മതിയെന്ന്'.

ഒരു ദീർഘനിശ്വാസത്തിനു ശേഷം അദ്ദേഹം തുടർന്നു 'മറ്റു മതസ്ഥരുടെ കാര്യവും ഇതൊക്കെ തന്നെ...എന്നാൽ ഉടയതമ്പുരാൻ ചിലപ്പോൾ ഇതിനൊരു മാറ്റം വരുത്താൻ ചില തന്ത്രങ്ങൾ ഉപയോഗിക്കും; അതു ചിലപ്പോൾ ഒരു ഭൂമികുലുക്കമോ, പ്രളയമോ ഒക്കെ ആയി വരും..അതിന്റെ കെട്ടടങ്ങുന്നതുവരെയെങ്കിലും കുറെയൊക്കെ ഒരുമയോടെ ജീവിക്കും'...ഇത്രയും പറഞ്ഞു അച്ചൻ പ്രസംഗം നിർത്തി.

പള്ളിപിരിഞ്ഞപ്പോൾ പലരും പശ്ചാത്താപമനസ്സുമായി വീട്ടിലേക്ക് പോയി. അച്ചന്റെ മനസ്സിലും അല്പമല്ലാത്ത ആശ്വാസം ഉണ്ടായിരുന്നു. അദ്ദേഹം പാഴ്സനേജിലേക്ക് നടക്കുമ്പോൾ 'ഒരു പ്രവാചകൻ പിതൃനഗരത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല' എന്ന കർത്താവിന്റെ വാക്കുകൾ ഓർത്തു. ഒപ്പം സ്വന്തം വീടും നാടും വിട്ടു പലനാടുകളിൽ ശുശ്രൂഷ ചെയ്യുന്ന തനിക്ക്, തന്റെ പ്രസംഗം മൂലം വല്ലവരും ശത്രുക്കൾ ആയതൊഴിച്ചാൽ പറയത്തക്ക ശത്രുക്കൾ ഒന്നും ഇല്ലല്ലൊ എന്നോർത്തു ആശ്വാസവും കൊണ്ടു!!!



# MEPC ബൈബിൾ ക്വിസ്സ് മത്സരം

മിഡിൽ ഈസ്റ്റ് പെന്തക്കോസ്തൽ ചർച്ച് (MEPC) ടീനേജുകാർക്കു വേണ്ടി സംഘടിപ്പിച്ച ബൈബിൾ ക്വിസ്സ് മത്സരം സെപ്തംബർ 8-ാം തീയതി ശനിയാഴ്ച വൈകുന്നേരം 7 മണി മുതൽ 9 മണിവരെ സെഖയ്യായിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ വെച്ച് അനുഗ്രഹമായി നടന്നു. അംഗത്വസഭകളിലെ ദൈവദാസന്മാരും വിശ്വാസികളുമായി വലിയൊരു സമൂഹം കടന്നുവന്നത് മത്സരത്തെ വൻവിജയമാക്കി മാറ്റി. ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്, ഐപിസി ഇമ്മാനുവേൽ, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്, ഐപിസി ശാലോം, അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച്, ഐപിസി ഹെബ്രോൻ, ഐപിസി ബഹറിൻ എന്നീ ദൈവസഭകളിലെ ടീമുകൾ പങ്കെടുത്ത മത്സരം ബ്രദർ ജേക്കബ് ജോർജ്ജ് നേതത്വം നൽകി. 36 പോയിന്റുകൾ നേടി അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് ഒന്നാം സ്ഥാനവും 34 പോയിന്റുകൾ വീതം നേടി ഐപിസി ബഹറിൻ & ഐപിസി ശാലോം രണ്ടാം സ്ഥാനവും 29.5 പോയിന്റുകൾ നേടി ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രസിഡന്റ് പാസ്റ്റർ ജെയ്സൻ കുഴിവിള അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി ബ്രദർ യോഹന്നാൻ പാപ്പച്ചൻ നന്ദി അറിയിക്കുകയും ചെയ്തു.



പാസ്റ്റർ ജെയ്സൻ കുഴിവിള


ബ്രദർ ജേക്കബ് ജോർജ്


ബ്രദർ യോഹന്നാൻ പാപ്പച്ചൻ

























## Snaps from Food Fest 2017

















# ഫുഡ് ഫെസ്റ്റ് 2018

അസംബ്ലീസ് ഓഫ് ഗോഡ് ബഹറിൻ, വുമെൻസ് മിഷനറി കൗൺസിലിന്റെ (WMC) നേതൃത്വത്തിൽ എല്ലാം വർഷവും നടത്തിവരുന്ന ഫുഡ് ഫെസ്റ്റിവൽ ഒക്ടോബർ 25-ാം തീയതി, വ്യാഴാഴ്ച വൈകുന്നേരം 7 മണിക്ക് സെഖയയിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിന്റെ കോമ്പൗണ്ടിൽ വച്ച് നടത്തുന്നു. കേരളത്തനിമയെ വിളിച്ചറിയിക്കുന്ന തനതു വിഭവങ്ങൾ, അറബിക്ക് ഫുഡ്, വിവിധതരം അച്ചാറുകൾ, ഫ്രഷ് ജ്യൂസ്, വിവിധയിനം കേക്കുകൾ എന്നിവ കൂടാതെ ലൈവ് കിച്ചൺ, മറ്റ് വിനോദപ്രദമായ പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് : 39938146, 38275080**



# യോർദ്ദാൻ യാത്ര...

HH Media




## ബൈബിളിൽ ചരിത്രപരമായി വളരെ പ്രാധാന്യമുള്ള നാടാണ് യോർദ്ദാൻ...

യാത്രാസംഘം (ഇടത്തു നിന്ന്) സുജാ മോനി, മോനി വർഗീസ്, ചെറിയാൻ മാത്യൂസ്, ഉഷാ ചെറിയാൻ, രാജീവ് സ്റ്റ്യുവർട്ട്

ബൈബിളിൽ ചരിത്രപരമായി വളരെ പ്രാധാന്യമുള്ള നാടാണ് യോർദ്ദാൻ. പഴയനിയമ കാലത്തെ അനേക വിശുദ്ധന്മാരുടെ പാദസ്പർശമേറ്റതും അവരുടെ ജീവചരിത്രം ഉറങ്ങുന്ന മണ്ണുകൂടിയാണ് യോർദ്ദാൻ. കൂടാതെ യേശുകർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ ഒരു ഭാഗം യോർദ്ദാനും അതിനു ചുറ്റുമുള്ള സ്ഥലങ്ങളുമായിരുന്നു. അതുകൊണ്ടായിരിക്കണം വിശുദ്ധനാടുകളിലെ സ്ഥലങ്ങൾ കാണണം എന്നാഗ്രഹം ബാല്യം മുതൽക്കെ ഹൃദയത്തിലിടം നേടിയത്. സമാനമായ ആഗ്രഹമുള്ളവർ ഒരുമിച്ച് കൂടിയപ്പോൾ വളരെ പെട്ടെന്ന് ഒരു യാത്രാ ഗ്രൂപ്പായി അതുമാറി. അങ്ങനെ അഞ്ചുപേർ അടങ്ങുന്ന ഒരു ചെറുസംഘം ആഗസ്റ്റ് മാസം 18-ാം തീയതി ശനിയാഴ്ച രാവിലെ 4 മണിക്ക് ബഹറിനിൽ നിന്ന് പ്രാർത്ഥിച്ച് യാത്ര ആരംഭിച്ചു.

കരമാർഗ്ഗം ആയതിനാൽ അനേക കടമ്പകൾ കടക്കേണ്ടതായിട്ടുണ്ടായിരുന്നു. അവിടെയെല്ലാം അത്ഭുതകരമായി ദൈവം ഓരോ വ്യക്തികളെ ഒരുക്കിതന്നു. പ്രഭാത സമയമായതിനാൽ സൗദിബോർഡറിലുള്ള പേപ്പർ വർക്കുകൾ കഴിഞ്ഞ് വളരെ വേഗം സൗദിയിലേക്ക് പ്രവേശിപ്പാൻ ദൈവം സഹായിച്ചു. ഏകദേശം 1650 കിലോമീറ്ററുകൾ 8 സ്ഥലങ്ങളിൽ അൽപ്പസമയം വിശ്രമം എടുത്തുകൊണ്ട് യോർദ്ദാൻ ബോഡറിൽ രാത്രി 10 മണിയോടെ എത്തിച്ചേർന്നു.

ഒരുമണിക്കൂറിനുള്ളിൽ യോർദ്ദാനിലേക്ക് കടക്കാനുള്ള രേഖകൾ തയ്യാറായി. അങ്ങനെ രാത്രി 11 മണിയോടെ അനേക നാളുകളിലെ ആഗ്രഹവും പ്രാർത്ഥനയും സഫലമായി, ഞങ്ങൾ യോർദ്ദാന്റെ മണ്ണിൽ കാലുകുത്തി. ആ പ്രവേശനം നൽകിയ സംതൃപ്തിയും ചൈതന്യവും കുളിർമയും വർണ്ണനാതീതമാണ്. അവിടെ നിന്നും 150 കിലോമീറ്ററുകൾ യാത്ര ചെയ്ത് യോർദ്ദാന്റെ തലസ്ഥാനമായ അമ്മാന്റെ ഹൃദയഭാഗത്ത് (ഡൗൺ ടൗൺ) ആഗസ്റ്റ് 19 ഞായറാഴ്ച വെളുപ്പിന് 2 മണിക്ക് എത്തിച്ചേർന്നു.

രാത്രിയാത്ര ആയതിനാൽ കുന്നുകളാലും താഴ്വരകളാലും ചുറ്റപ്പെട്ട യോർദ്ദാൻ ഞങ്ങളെ വരവേൽക്കാനെന്നോണം ദീപാലംകൃതമായിരുന്നു. അവിടെയുള്ള ടാക്സി ഡ്രൈവറുടെ സഹായത്തോടെ ഡൗൺ ടൗണിൽ അൽ ഹൂറിയത്ത് ഹോട്ടലിൽ ഞങ്ങൾക്ക് താമസ്ഥലം ഒരുക്കപ്പെട്ടു.

വിദേശികളാണെന്നു കണ്ടാൽ പ്രത്യേകിച്ച് ഇന്ത്യാക്കാരെ അവരുടെ രാജ്യത്തിലേക്ക് സ്വാഗതം എന്ന് പറയുന്ന സംസ്കാരസമ്പന്നമായ, മാന്യമായ പെരുമാറ്റം അവിടെ ഓരോരുത്തരിലും കണ്ടത് ഞങ്ങളെ അത്ഭുതപ്പെടുത്തി. യോർദ്ദാനിൽ എത്തിച്ചേരാൻ ജിപിഎസ് സംവിധാനം വളരെ സഹായകരമായിരുന്നു.



റോമൻ തീയേറ്ററിന്റെ അവശിഷ്ടങ്ങൾ



അമ്മാൻ



മ്യൂസിയം



അത്തിപ്പഴം



അത്തിമരം



ഫിലദെൽഫിയ സഭയുടെ അവശിഷ്ടങ്ങൾ

## ഒന്നാം ദിവസം

ഞങ്ങൾ ഹോട്ടലിൽ നിന്ന് അഞ്ചു മിനിറ്റു നടന്നു പുരാതന യോർദ്ദാന്റെ മികവ് വിളിച്ചോതുന്ന 6000 പേർക്ക് ഇരിക്കമായിരുന്ന റോമൻ തീയേറ്ററിൽ (സ്റ്റേഡിയം) എത്തിച്ചേർന്നു. ആദ്യകാഴ്ചയിൽ തന്നെ അമ്പരിപ്പിക്കുന്ന കൽതൂണുകൾ ക്രമമായി നിർത്തി പണിതിരിക്കുന്ന പ്രവേശന കവാടം ആരുടേയും ഉള്ളിൽ ജിജ്ഞാസ ഉണർത്തുന്നതായിരുന്നു. തീയേറ്ററിന്റെ മദ്ധ്യഭാഗത്തു നിന്ന് സംസാരിച്ചാൽ ഇരിക്കുന്ന എല്ലാപേർക്കും വ്യക്തമായി കേൾക്കാൻ കഴിയുന്ന നിലയിൽ ശബ്ദതരംഗങ്ങളെ വഹിച്ചുകൊണ്ടു പോകാൻ കഴിവുള്ള വലിയ പാറകഷണങ്ങൾ കൊണ്ട് നിർമ്മിച്ച തീയേറ്ററിന്റെ ഉൾഭാഗം ഞങ്ങളെ അത്ഭുതപ്പെടുത്തി. ഞങ്ങളിൽ ഓരോരുത്തരായി അത് പരീക്ഷിച്ചു നോക്കുകയും ചെയ്തു. എട്ടാം നൂറ്റാണ്ടിലുണ്ടായ ഭൂമികുലുക്കത്തിൽ പലഭാഗങ്ങളും തകർന്നു പോയെങ്കിലും അവശിഷ്ടങ്ങൾ മനോഹരമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആ തീയേറ്ററിന്റെ പ്രാധാന്യം ഗൈഡ് ഞങ്ങളോടു പറഞ്ഞപ്പോൾ ഹൃദയം തകർന്നുപോയി. കർത്താവിന്റെ ശിഷ്യത്വം സ്വീകരിച്ച യഹൂദന്മാർ തുടങ്ങി അനേകരെ പരസ്യമായി രക്തസാക്ഷികളാക്കിയ സ്ഥലമായിരുന്നു അത്. ശിരച്ഛേദം ചെയ്യുകയോ വന്യമൃഗങ്ങൾക്കിരയാക്കുകയോ ചെയ്യുകയായിരുന്നു പതിവ്. അങ്ങനെയുള്ളവരുടെ രക്തം ഒഴുകി ഒരുസ്ഥലത്തു വന്നു പുറത്തേക്ക് പോകാനുള്ള വലിയ ചാൽ കാണുവാനിടയായി. ഞങ്ങൾക്കു മുമ്പെ തങ്ങളുടെ പ്രാണനെ വിലയേറിയതായി എണ്ണാതെ കടന്നുപോയ ദൈവമക്കളുടെ ഓർമ്മയുടെ മുമ്പിൽ ഞങ്ങളെ തന്നെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ചു കണ്ണുനീരോടെ പ്രാർത്ഥിച്ചത് വിശ്വാസ ജീവിതത്തിന്റെ കാഴ്ചപ്പാടുകൾ മാറ്റുന്നതായിരുന്നു.

അവിടെ നിന്നും ഗൈഡ് ഞങ്ങളെ അമ്മാൻ സിറ്റാഡെൽ (കോട്ട) എന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. അതൊരു ഉയർന്ന പ്രദേശമായതിനാൽ അവിടെ നിന്നും അമ്മാന്റെ ഭൂരിഭാഗം സ്ഥലങ്ങളും കാണാമായിരുന്നു. പഴയ കൊട്ടാരങ്ങൾ, ശില്പകലയെ വിളിച്ചോതുന്ന സ്തൂപങ്ങൾ കൂടാതെ അബ്രഹാം അതുവഴിയായി വന്നപ്പോൾ താമസിച്ചു എന്നു കരുതുന്ന ഗുഹ തുടങ്ങിയ സ്ഥലങ്ങൾ കാണുവാനിടയായി. അത്തി മരത്തിൽ നിന്നും ഗൈഡ് പറിച്ചു തന്ന അത്തിപ്പഴം കഴിച്ചത് മറ്റൊരു അനുഭവമായിരുന്നു. പിന്നെ ഏറ്റവും കൂടുതൽ സന്തോഷിച്ചത് വെളിപ്പാടു പുസ്തകത്തിലെ ഏഴു സഭകൾക്കുള്ള ദൂത് എഴുതിയ സഭകളിലൊന്നായ ഫിലദെൽഫിയ സഭയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെയുണ്ട്. ആ സഭയിൽ നിന്നുകൊണ്ട് ആ വേദഭാഗം (വെളി.3:7-13) ഉറക്കെ വായിച്ചു പ്രാർത്ഥിപ്പാൻ ദൈവം അവസരം നൽകി.

യോർദ്ദാൻ തെരുവിൽ പരമ്പരാഗത അറബിക് ഭക്ഷണം ആസ്വദിച്ച് ഒന്നാം ദിവസത്തെ യാത്ര അവസാനിപ്പിച്ചു,

(തുടരും)

# കാലങ്ങളെ കണ്ട് കലങ്ങരുത്...

ഒരു ദൈവപൈതലിന്റെ ജീവിത്തിലെ ചില കാലങ്ങളെ അല്ലെങ്കിൽ അവർ നേരിടുന്ന വ്യഥകളെ ഓർത്തു നാം വിധിക്കരുത്. ഒരു മനുഷ്യായുസ്സിന്റെ കാലഘട്ടങ്ങളെ നമുക്ക് അറിയാം. ശൈശവം, ബാല്യം, യൗവ്വനം, വാർദ്ധക്യം.

ശൈശവം - നമ്മെ എല്ലാവരും എടുത്തുകൊണ്ട് നടക്കും. ആരും താഴെ വെയ്ക്കില്ല.

ബാല്യകാലം - മറ്റുള്ളവർ നമ്മെ വളരെയധികം സ്നേഹിക്കും. വാത്സല്യം ഒരുപാട് ലഭിക്കും. നമ്മെ ആരു വിളിച്ചാലും വിളിക്കുന്നിടത്തു ചെല്ലും.

യൗവ്വനം - മാതാപിതാക്കളൊ, കൂട്ടുക്കാരോ, ദൈവമക്കളോ, ശുശ്രൂഷകന്മാരോ എന്തിനു പറയണം ആര് എന്തു പറഞ്ഞാലും കേൾക്കാൻ മടി കാണിക്കുന്ന കാലഘട്ടം. ഇങ്ങോട്ടു വരാൻ പറഞ്ഞാൽ അങ്ങോട്ടു പോകും. എല്ലാ യൗവ്വനക്കാരേയും കുറിച്ചല്ല എന്നാൽ നല്ല പങ്ക് യൗവ്വനക്കാരും ഇങ്ങനെ ആണ്. അതുകൊണ്ടാണ് ജ്ഞാനികളിൽ ജ്ഞാനി എന്നു പറയുന്ന ശലോമോൻ പറയുന്നത് യൗവ്വനക്കാരാ, നിന്റെ യൗവ്വനകാലത്ത് സൃഷ്ടാവിനെ ഓർത്തുകൊൾക (സഭാ.12:1).

വാർദ്ധക്യം - എല്ലാവർക്കും ഭാരമായിതീരുന്ന അവസ്ഥ. ലോകത്ത് എഴുതപ്പെട്ട അനേക പുസ്തകങ്ങളിൽ ഈ വിഷയം പരാമർശിക്കുന്നുണ്ടെങ്കിൽ പോലും ദൈവവചനം നിഷ്കർഷിക്കുന്ന കാര്യമാണ് മാതാപിതാക്കളെ അവഗണിക്കരുത് എന്നുള്ള വസ്തുത. കുഞ്ഞുങ്ങൾക്കുവേണ്ടി മാതാപിതാക്കൾ എങ്ങനെ കഷ്ടപ്പെട്ടുവോ അത് മനസ്സിലാക്കി കുഞ്ഞുങ്ങളും മാതാപിതാക്കൾക്കുവേണ്ടി അധികം ചെയ്യണം. എന്നാൽ പരിഷ്കൃതമായ നമ്മുടെ സമൂഹം ഇന്ന് എവിടെ എത്തി നിൽക്കുന്നു?

ഈ കാലങ്ങളെയൊക്കെ നാം അതിജീവിക്കുന്നതുപോലെ ആത്മീയ ജീവിതത്തിലും കാലങ്ങൾ മാറി മാറി വരും. കാലാനുഗതമായി ദൈവമക്കളുടെ ജീവിതത്തിൽ വരുന്ന നഷ്ടങ്ങളും കഷ്ടങ്ങളും നോക്കി നാം ആരേയും വിധിക്കരുത്. ചില ഉദാഹരണങ്ങൾ നോക്കാം.

യോസേഫ് - പൊട്ടക്കിണർ, കാരാഗൃഹം ഒടുവിൽ ഫറവോന്റെ ഗൃഹത്തിന് മേലധികാരി (ഉല്പ. 41:40). സഹോദരന്മാർ വസ്ത്രം ഊരി പൊട്ടക്കിണറിൽ ഇട്ടു. എന്നാൽ ഫറവോൻ തന്റെ കൈയ്യിൽ നിന്നും മുദ്രമോതിരം ഊരി യോസേഫിന്റെ കൈയ്യിൽ ഇട്ടു. നേർമയുള്ള വസ്ത്രം ധരിപ്പിച്ചു ഒരു സ്വർണ്ണ സരപ്പളിയും അവന്റെ കഴുത്തിലിട്ടു. അവന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി.

പ്രാപ്തിയില്ലാത്തവനായിട്ടു സഹോദരന്മാരുടെ മുമ്പിൽ കരഞ്ഞവനെ ഫറവോൻ തിരഞ്ഞെടുത്തു പ്രാപ്തിയുള്ള അധികാരി ആക്കി മാറ്റി. പൊട്ടകിണറും അടിമയായി വിൽക്കപ്പെട്ടതും ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതും ഇങ്ങനെ മാറി മാറി വന്ന അവസ്ഥയിലെല്ലാം വിശ്വസ്തനായി നിന്നതുകൊണ്ട് യോസേഫിനെ ദൈവം മാനിച്ചു. അത്രയുമല്ല തന്റെ സഹോദരന്മാരിൽ പ്രാപ്തന്മാരെ കണ്ടുപിടിക്കാനുള്ള അധികാരവും ഫറവോൻ യോസേഫിന് കൊടുത്തു ( ഉല്പ. 47:6).

ശേഖേം യോസേഫ് പൊട്ടക്കിണറ്റിൽ വീണ സ്ഥലം. കാൽ വഴുതി വീണതല്ല, തന്നെ വളർത്തേണ്ടവർ താങ്ങും തണലുമായി നിൽക്കേണ്ടവർ തള്ളിയിട്ടതാണ്. എന്നാൽ വാഗ്ദത്തം ഉള്ളവനെ കിണറ്റിൽ ഒതുക്കുവാൻ ആർക്കും കഴിയില്ല. ഇട്ടവരെകൊണ്ട് ദൈവം തിരികെ കയറ്റിച്ചു. ദൈവീക ദർശനം ഉള്ളവൻ പൊട്ടകിണറ്റിലോ, കാരാഗൃഹത്തിലോ, കല്ലറയിലോ ഒടുങ്ങില്ല, പുറത്തു വരും.



▪ ബിജു വർഗ്ഗീസ് ▪
അഹമ്മദാബാദ്

ആകയാൽ പ്രിയരെ, നാം ഒന്നിനേയും വില കുറച്ചു കാണരുത്. സമൂഹം നമ്മുടെ ചില കാലങ്ങളിലെ അവസ്ഥ കണ്ടിട്ട് വിധി പറയും. എന്നാൽ വിശ്വസിക്കൂ ദൈവം ആ വിധികളെ മാറ്റി എഴുതും. അങ്ങനെയുള്ള ഉദാഹരണങ്ങളാൽ സംപുഷ്ടമാണ് ദൈവവചനം. ലോകമനുഷ്യന്റെ കാലഗതികൾ മണ്ണിൽ ആരംഭിച്ച് മണ്ണിൽ അവസാനിക്കുമ്പോൾ ദൈവമക്കൾ മണ്ണിൽ ആരംഭിച്ച് വിണ്ണിൽ നമ്മുടെ കർത്താവുമായി, തിരികെ വരാതെ നാം നിത്യതയിൽ മറയുന്നൊരു കാലമുണ്ട്. അതിനായി ഒരുങ്ങാം മറ്റുള്ളവരേയും ഒരുക്കാം. ദൈവം എല്ലാവരേയും ധാരാളം അനുഗ്രഹിക്കുമാറാകട്ടെ!



▪ ജെയ്സൺ ജേക്കബ് ▪
ജോയ്

നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. സുവിശേഷത്തിനുവേണ്ടി ഒരു വലിയ വില കൊടുത്ത അനുഗ്രഹീത ഗാനത്തിന്റെ പിന്നാമ്പുറങ്ങളിലേക്കാണ് നാം ഇപ്പോൾ കടന്നു പോകുന്നത്.

തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തു എന്ന സ്ഥലത്തിൽ കോലാടി ഭവനത്തിലാണ് കർത്തൃദാസൻ കെ.വി. ചേറു ഉപദേശി ജനിച്ചത്. തന്റെ പിതാവ് മാർത്തോമ്മാ സഭയിലെ പേര് കേട്ട വ്യക്തിയായിരുന്നു. ചെറുപ്പം മുതലേ ആത്മീയമായ അന്തരീക്ഷത്തിൽ വളരുവാൻ തനിക്കു ഇടയായി. യാദൃശ്ചികമായി സുവിശേഷം കേൾക്കുവാൻ ഇടയായ ഉപദേശി അറിഞ്ഞ മാത്രയിൽ അറിഞ്ഞ സത്യത്തെ നെഞ്ചിലേറ്റുവാൻ തീരുമാനിച്ചു. അത് തന്റെ ഭവനത്തിൽ തനിക്കു ഒരുപാട് എതിർപ്പുകൾക്കു കാരണമായി. എന്നാലും തനിക്കു ഒരു പ്രത്യാശ ഉണ്ടായിരുന്നു ആരെല്ലാം കൈവിട്ടാലും തന്നെ കൈവിടാത്ത ഒരു കർത്താവ് തന്റെ കൂടെ ഉണ്ടെന്നുള്ള ഉറച്ച വിശ്വാസത്തിൽ ഉപദേശി മുന്നോട്ട് പോയി.

അങ്ങനെ താൻ കർത്താവിനെ ജലത്തിൽ സാക്ഷീകരിക്കുവാൻ തീരുമാനിച്ചു. അതിൽ രോഷാകുലരായ തന്റെ പിതാവ് സ്നാനപ്പെട്ടു നീ ഭവനത്തിൽ വന്നാൽ നിന്റെ സ്ഥാനം ഈ ഭവനത്തിനു വെളിയിലായിരിക്കും എന്നു പറഞ്ഞതൊന്നും വകവെയ്ക്കാതെ ഉപദേശി സ്നാനപ്പെടുകയും തിരികെ ഭവനത്തിൽ താൻ വരുമ്പോൾ തന്റെ ആറുമാസം പ്രായമായ കുഞ്ഞിനേയും കൈയ്യിൽ ഒരു കലത്തിൽ അല്പം അരിയുമായി വെളിയിൽ കരഞ്ഞുകൊണ്ട് നിൽക്കുന്ന ഭാര്യയെയാണ് താൻ കണ്ടത്. ആ സായാഹ്നത്തിൽ അവർ ഒരുമിച്ചു യാത്ര ചെയ്തു തൃശ്ശൂർ തേക്കിൻകാടു മൈതാനിയിൽ വന്നു.

ആ രാത്രിയിൽ തേക്കുകളുടെ ഇടയിൽ ഒരു മൂലയിൽ കുഞ്ഞിനെ കിടത്തിയിട്ട് ഉപദേശി എഴുതി കൂട്ടം വെറുത്തു കുലവും വെറുത്തെന്നെ കൂട്ടുകാരും വെറുത്തു. പിന്നെയും എഴുതി മാതാപിതാക്കന്മാരെന്നെ വെടിഞ്ഞാലും സങ്കടമില്ലെനിക്ക് എന്റെ മാതാപിതാവേക്കാൾ അൻപു തിങ്ങീടുന്നോരേശുവുണ്ട് എനിക്ക്. ആ രാത്രിയിൽ തലമുറകൾ ഏറ്റുപാടിയ ഇദ്ധരയിൽ എന്നെ ഇത്രമേൽ സ്നേഹിപ്പാൻ എന്ന ഗാനം എഴുതുവാൻ ദൈവം തന്റെ മകന് കൃപ നൽകി.

പ്രിയമുള്ളവരെ, നാം കർത്താവിനെ ഉണ്മയായ് സ്നേഹിക്കുമ്പോൾ അതിന്റെ പിന്നിൽ എന്ത് പ്രയാസങ്ങൾ വന്നാലും ദൈവം നമുക്ക് നീക്കുപോക്കുകൾ തരും.

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

*ഗാനം : ഇദ്ധരയിലെന്നെ ഇത്രമേൽ സ്നേഹിപ്പാൻ.*

*രചന : കെ.വി.ചേറു ഉപദേശി*

*ഇദ്ധരയിലെന്നെ ഇത്രമേൽ*
*സ്നേഹിപ്പാൻ*
*എന്തുള്ളു ഞാനപ്പനെ! നിന്റെ*
*ഉദ്ധാരണത്തെ ഞാൻ ഓർത്തു ദിനംപ്രതി*
*സന്തോഷിക്കുന്നത്യന്തം*

*പുത്രന്റ സ്നേഹത്തെ ക്രൂശിന്മേൽ*
*കാണുമ്പോൾ*
*ശത്രുഭയം തീരുന്നു എന്നെ*
*മിത്രമാക്കിടുവാൻ കാണിച്ച*
*നിൻകൃപ എത്ര മനോഹരമേ!*

*ശത്രുവാമെന്നെ നിൻപുത്രനാക്കിടുവാൻ*
*പുത്രനെ തന്നല്ലോ നീ ദേവാ*

*ഇത്ര മഹാസ്നേഹം ഇദ്ധരയിലൊരു*
*മർത്യനുമില്ല ദൃഢം*
*നീചനരനാമീയേഴയെ സ്നേഹിച്ചീ*
*നീചലോകത്തിൽ വന്നു യേശു*
*നീചമരണം മരിപ്പതിനായ് തന്നെ*
*നാചന്മാർക്കേല്പിച്ചല്ലോ*

*കൂട്ടം വെറുത്തു കുലവും*
*വെറുത്തെന്നെ*
*കൂട്ടുകാരും വെറുത്തു എന്നാൽ*
*കൂട്ടായിത്തീർന്നെന്റെ സ്വർഗ്ഗീയ*
*സ്നേഹിതൻ*
*കഷ്ടകാലത്തും വിടാ*






▪ ആദർശ് അനിൽ ▪



# ഉത്തരേന്ത്യൻ മരുഭൂമിയിലൂടെ



■ ഷൈമോൾ ബിജുമോൻ ■

സമ്പന്നതയുടെ കൊടുമുടിയിൽ എത്തി പട്ടുമെത്തയിൽ ഉറങ്ങുന്നവരും, സുഖലോലുപതയിൽ ജീവിതം നയിക്കുന്ന ജനം ശ്രദ്ധിക്കാതെ പോകുന്ന ചില കാഴ്ചകൾ, ഈ വിവരണത്തിലൂടെ നിങ്ങളിലേയ്ക്കെത്തിക്കാൻ ആഗ്രഹിക്കുന്നു.

മക്കൾ ചോദിക്കുന്ന ഏറ്റവും മുന്തിയ വസ്തുവകകൾ വാങ്ങി കൊടുക്കുമ്പോഴും, രുചിയില്ല അല്ലെങ്കിൽ വിശപ്പില്ല എന്ന കാരണത്താൽ ചവിറ്റുകൊട്ടയിൽ തള്ളുന്ന ആഹാരം കാണുമ്പോൾ, ഒരു നേരത്തെ അന്നത്തിനു വകയില്ലാത്ത കുഞ്ഞുങ്ങളെ നാം ഓർക്കേണം. ഒരിക്കൽ ഉപയോഗിച്ച വസ്ത്രം വീണ്ടും ഉപയോഗിക്കാൻ മനസ്സില്ലാതെ അലമാരയുടെ അടിയിലേക്കു മാറ്റി ഇട്ട് പുതിയ വസ്ത്രം വാങ്ങി ധരിക്കുമ്പോൾ, ഉടുതുണിക്ക് മറുതുണി ഇല്ലാത്ത പാവങ്ങളെ നാം അറിയണം. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാ വേളയിൽ താൻ ഇടപെട്ടിരുന്ന ജനത്തോടു മനസലിവുള്ളവനായിരുന്നു. ജനങ്ങളുടെ വിഷമഘട്ടത്തിൽ അവരെ സഹായിക്കുവാൻ മനസുള്ളവനായിരുന്നു.

രാജസ്ഥാന്റെ ഗ്രാമങ്ങളിലും ചേരിപ്രദേശങ്ങളിലും വിദ്യാഭ്യാസം ചെയ്യുവാൻ സാഹചര്യമില്ലാത്ത അനേകം കുട്ടികൾ ഉണ്ട്. സാഹചര്യം ഉണ്ടെങ്കിൽപ്പോലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കാത്ത മാതാപിതാക്കൾ അതിനായി മുതിരുന്നില്ല. വിദ്യാലയങ്ങളിൽ പോകുവാൻ താല്പര്യമുള്ളവർക്ക് സാമ്പത്തിക സ്ഥിതി അതിനായി അനുവദിക്കാറില്ല. വളരെ വൃത്തിഹീനമായ ജീവിത പശ്ചാത്തലത്തിൽ പലരും കഴിയുന്നു. ശരിയായ ആഹാരരീതികളോ, ആരോഗ്യപരിപാലനമൊ ഇവിടെയുള്ള പല കുടുംബങ്ങളിലും ഇല്ല. കുടിവെള്ളം മലിനമാകുന്നത് പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കുവാൻ സാഹചര്യം ഇല്ല.

നേറ്റീവ് മിഷനറി മൂവ്മെന്റിന്റെ സാമൂഹിക സേവന പ്രവർത്തനമായ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രൊജക്ട് (CDP) ഇങ്ങനെയുള്ള ജനതയെ സഹായിക്കുവാൻ വിവിധ മേഖലകളിൽ വളരെ സജീവമായി നിലകൊള്ളുന്നു. മുതിർന്നവർക്കുള്ള സാക്ഷരത, പൊതുജന ആരോഗ്യ പരിപാലനം, സർക്കാർ ആനുകൂല്യങ്ങൾ എത്തിക്കുവാൻ സഹായിക്കുക എന്നിങ്ങനെ വിഭിന്ന സേവനങ്ങൾ CDP മുഖാന്തിരം സാധിക്കുന്നു. ഇതിലൂടെ ക്രിസ്തുവിന്റെ സ്നേഹം വിവിധ സമൂഹങ്ങളിൽ എത്തിക്കുവാൻ ദൈവം സഹായിക്കുന്നു.







ഡോ. ക്രിസ്റ്റി പോൾ





## കുട്ടികളുടെ ക്ലബ്ബ്

വിവിധ സമൂഹങ്ങൾ താമസിക്കുന്ന ചേരികളിൽ കുട്ടികളുടെ ക്ലബുകൾ രൂപീകരിച്ചു അനേകം പരിപാടികൾ നടത്തപ്പെടുന്നു. ദൈനംദിന ദന്തപരിപാലനം, ആരോഗ്യ പരിപാലനം, അക്ഷരാഭ്യാസം ഇല്ലാത്തവർക്കു അക്ഷരാഭ്യാസം, സാമ്പത്തിക സാഹചര്യം നിമിത്തം വിദ്യാഭ്യാസം മുടങ്ങിയ കുട്ടികൾക്ക് സ്കൂളിൽ പോകുവാൻ സഹായം, കൂടാതെ ദിവസവും ഒരുമിച്ചു കൂടി പാട്ടുകൾ പാടുവാനും പ്രാർത്ഥിപ്പാനും ഈ ക്ലബുകൾ കാരണാകുന്നു. കൽബെലിയ (പാമ്പാട്ടികൾ), ലോഹർ (ഇരുമ്പു പണിക്കാർ) എന്നീ സമൂഹത്തിലെ പെൺകുഞ്ഞുങ്ങൾ വിദ്യാഭ്യാസം വിലക്കപ്പെട്ടവരാണ്. അങ്ങനെയുള്ള കുഞ്ഞുങ്ങൾക്ക് പ്രത്യേക ക്ലാസുകൾ നടത്തി അക്ഷരാഭ്യാസം നൽകുന്നു. സമൂഹത്താൽ തഴയപ്പെട്ട ഇങ്ങനെയുള്ള ജനത്തോടു ചേർന്നു നിന്നുകൊണ്ട് അവരെ വളർത്തിയെടുക്കാനും, ക്രിസ്തുവിന്റെ സ്നേഹത്തെ പ്രദർശിപ്പാനും ദൈവം സഹായിക്കുന്നു.

## മുതിർന്നവർക്കുള്ള സാക്ഷരതാ ക്ലാസ്

രാജസ്ഥാനിലെ ഗ്രാമവാസികളും, ചേരികളിൽ താമസിക്കുന്നവരും വിദ്യാഭ്യാസത്തിനു അധികം പ്രാധാന്യം നൽകാറില്ല. അതുകൊണ്ട് തന്നെ പലർക്കും വിശേഷാൽ സ്ത്രീകൾക്കു എഴുത്തും വായനയും വശമില്ല. വിവിധ സമൂഹത്തിലുള്ള സ്ത്രീകൾക്ക് അക്ഷരാഭ്യാസം നൽകുവാൻ CDP ക്രമീകരണങ്ങൾ ചെയ്തു വരുന്നു. വിദ്യാഭ്യാസം ലഭിക്കുക മുഖാന്തിരം അവരുടെ ജീവിത നിലവാരം ഉയരുവാൻ ഇടയാകുന്നു. എല്ലാ ആഴ്ചകളിലും സാക്ഷരതാ ക്ലാസുകൾ വിവിധ സമൂഹങ്ങളിൽ നടന്നു വരുന്നു.

## ആരോഗ്യ സംരക്ഷണ പദ്ധതികൾ

വളരെ വൃത്തിഹീനമായ ചുറ്റുപാടുകളാണ് പല ചേരികൾക്കും ഉള്ളത്. മലേറിയ, ടൈഫോയിഡ്, കോളറ മറ്റു സാംക്രമിക രോഗങ്ങൾ മൂലമുള്ള മരണം ഇവിടങ്ങളിൽ വളരെ കൂടുതലാണ്. ആരോഗ്യ പരിപാലനത്തെ കുറിച്ച് അജ്ഞത ഉള്ള ഇവരുടെ ഇടയിൽ CDP അംഗങ്ങൾ ബോധവൽക്കരണ ക്ലാസുകൾ നടത്തി, ദൈനംദിന ശുചിത്വ പരിപാലനം, ശുദ്ധ വെള്ളം കുടിക്കേണ്ട ആവശ്യകത, പോഷക ആഹാരം കഴിക്കേണ്ട ആവശ്യകത, ഗർഭിണികൾക്കുള്ള ആരോഗ്യ സംരക്ഷണം മുതലായ വസ്തുതകളിൽ ബോധവൽക്കരണം നടത്തുന്നു, കൂടാതെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ ഈ ജനതയ്ക്കു സഹായകരമാംവിധം എത്തിക്കുവാൻ സഹായിക്കുന്നു. ശുദ്ധജലം ലഭ്യമല്ലാത്ത ഇടങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ചു നൽകുകയോ, വെള്ളം ശുദ്ധീകരിക്കുവാൻ പരിശീലനം നൽകുകയോ ചെയ്യുന്നു.

## തലെസീമിയ ബാധിച്ച കുഞ്ഞുങ്ങൾ

CDP അംഗങ്ങൾ പ്രവർത്തിക്കുന്ന ഒരു ചേരിയിലെ കുടുംബമാണ് പപ്പുവിന്റേത്. ഭാര്യ സരോജ്. അവർക്ക് പ്രദീപ് (10), ദീപക് (6), നികിത (3.5) എന്നീ മൂന്ന് മക്കളുണ്ട്. എന്നാൽ ഈ മൂന്ന് കുഞ്ഞുങ്ങൾക്കും തലെസീമിയ എന്ന രോഗം ബാധിച്ചു ചികിത്സയിലാണ്. ഓരോ മാസവും ഇവരുടെ ശരീരത്തിൽ നിന്നും രക്തം മാറ്റേണ്ടുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പപ്പുവിനും കുടുംബത്തിനും ചികിത്സാ ചിലവു താങ്ങാവുന്നതിലും അപ്പുറമാണ്. CDPയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കുഞ്ഞുങ്ങൾക്ക് വേ പോഷകാഹാരം നൽകുവാനും, സാഹചര്യം അനുവദിക്കുന്നത് അനുസരിച്ച് കുടുംബത്തിനു സാമ്പത്തിക സഹായം നൽകുവാനും ഇടയാകുന്നു. ഈ കുടുംബത്തിനു വേണ്ടി സാമ്പത്തിക സഹായം ഒരുങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

ഇങ്ങനെ നിരവധി പ്രതിസന്ധികളെ നേരിടുന്ന അനേകം കുടുംബങ്ങൾ ഈ സമൂഹത്തിലുണ്ട്. 'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'(മത്താ. 25:40). നാം പിൻപറ്റുന്ന ക്രിസ്തുവിന്റെ മനസലിവു നമ്മിൽ ഉണ്ടാകട്ടെ. CDPയുടെ പ്രവർത്തനങ്ങളേയും, നേതൃത്വം വഹിക്കുന്ന ഡോക്ടർ ക്രിസ്റ്റി പോളിനേയും, ടീം അംഗങ്ങളേയും പ്രാർത്ഥനയിൽ ഓർക്കുക.




Prayerful wishes for a blessed married life to
**Samson**
(Sharon Fellowship Church, Bahrain)
**& Kezia**
Best compliments from the family of
Hello Hope ഹലോ ഹോപ്പ്

# Knowledge Cafe

Jijo Angamaly

## PUZZLE 17

### Find the Bible land

***The land has 9 letters and you may use the initials of the answers to find the place!***

1. The name of Jacob's youngest son.
2. A stone that told what God had done.
3. A saint who showed great unbelief.
4. One who to God poured out her grief.
5. A man to save his life who fled.
6. A queen who filled another's stead.
7. A king who had God's witness slain.
8. And a man whose prayers stayed the rain.
9. He lived the longest here below.

## BIBLE QUIZ 17

1. ബാല്യം മുതൽ യഹോവാ ഭക്തനെന്ന് സ്വയം അവകാശപ്പെട്ടതാര് ?
2. പാപം ചെയ്യുന്ന ദേഹി മരിക്കും എന്ന് രണ്ടു പ്രാവശ്യം പറഞ്ഞിരിക്കുന്ന അദ്ധ്യായമേത് ?
3. അമ്മ കുഞ്ഞുങ്ങളെ പോറ്റും പോലെ പൗലോസ് ആർദ്രതയോടിരുന്ന സഭയേത് ?
4. മഞ്ഞ കുതിരപ്പുറത്ത് വരുന്നവന്റെ പേരെന്ത് ?
5. 'അവൻ എന്റെ കാൽ പേടമാൻ കാൽ പോലെ ആക്കുന്നു എന്ന് പാടിയതാര് ?
6. രണ്ട് കാളകളെ കഷണങ്ങളാക്കി യിസ്രായേൽ ദേശത്തെല്ലാടവും എത്തിച്ച രാജാവാര് ?
7. പിതാവിന്റെ കല്ലറയിൽ തന്റെ രണ്ട് തലമുറയെ ഒരുമിച്ചടക്കി.
   ആ വിധത്തിൽ അടക്കപ്പെട്ട പുത്രനാര്, പൗത്രനാര് ?
8. ഞാൻ പുരോഹിതനാണ്. പക്ഷെ എനിക്ക് വംശാവലിയില്ല.
   മാതാപിതാക്കളില്ല, ജീവാരംഭമില്ല ജീവാവസാനവും ഇല്ല. ഞാനാര് ?
9. ആരെഴുതിയ ലേഖനമാണ് ദുർബ്ബലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടത് ?
10. ആരുടെ വെളിപ്പാടിനുവേണ്ടിയാണ് സൃഷ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നത് ?

---

1. Who claimed that he feared the LORD from his youth?
2. Which chapter twice mentioned that "the soul who sins shall die"
3. To which church Paul was gentle as a nursing mother cherishes her own children?
4. Name the one who comes on a pale horse.
5. Who sang that "He will make my feet like deer's feet?
6. Name the king who took two oxen and cut them in pieces, and sent them throughout all the territory of Israel?
7. Name the son and the grandson who were buried in his father's tomb.
8. I am a priest but I don't have parents, no genealogy, no beginning of days nor end of life. who am I?
9. Name the person whose letter were requested to be revoked.
10. The earnest expectation of the creation eagerly waits for the revealing whom?

## WINNERS -16

(Through draw out of correct entries)



**Bible Quiz**
**Reji Poulose**
*(IPC Bethesda, Bahrain)*



**Puzzle**
**Anna Susan Joby**
*(Rehoboth Revival Church, Bahrain)*

**E-mail : hhgulfnews@gmail.com Whatsapp : 00973 38383399**

**ഉത്തരങ്ങൾ ഒക്ടോബർ 25-ന് മുമ്പായി അയക്കുക**

**Kindly send the answers by 25th October**

## ശരി ഉത്തരങ്ങൾ Issue #16 - August 2018

### ബൈബിൾ ക്വിസ്

1. ക്രിസ്തു – 1 Pet.3:19
2. ഗിലയാദ് – Hos.6:8
3. ഹദദേസെർ – 1 Chro.18:3,4
4. നദീഹയം – Job 40:15
5. ദാവീദ് – 2 Sam.8:13
6. ഗബ്രിയേൽ – Dan.9:21,22
7. നാഹോർ – Gen.11:24
8. വടതികാറ്റ് – Pro.25:23
9. സമാധാനയാഗം – Levi.3:6
10. ഏലി – 1 Sam. 2:29

### Puzzle

1. Elijah
2. Stephen
3. Paul
4. Abraham
5. Silas
6. Noah
7. Sarah
8. Anna
9. Moses
10. Titus

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle
## Those who sent correct answers
Issue 16

1. Daniel Thomas, AG Church
2. Chris Johnson, Bahrain Church of Living God
3. Reji Poulose, IPC Bethesda
4. Alfi B.S, IPC Bethesda
5. Soja Baby Rajan, IPC Bethesda
6. Jolly Yesudasan, IPC Bethesda
7. Suja Thomas, IPC Bethesda
8. Alice George, The Full Gospel Church of Suvartha
9. Janet K.John, IPC Peniel
10. Sandra Ann Mathew, IPC Peniel
11. Lizy Varghese, Sharon Fellowship Church
12. Metty Shibu, Sharon Fellowship Church
13. P.Glory, Sharon Fellowship Church
14. Evangeline Grace Bovas, Sharon Fellowship Church
15. Annie Regi, IPC Immanuel
16. Annie Abraham, IPC Immanuel
17. Suma Sunny, IPC Immanuel
18. Mary Francis, IPC Immanuel
19. Suby Lijo Mathew, COGFG Prayer Fellowship
20. Sherija Josh, IPC Parassala
21. Sherin Varghese, Nirmal Ministries, Nepal
22. Ajeena Dileesh, IPC Bethel
23. Lincy Roopesh, Bahrain
24. Jeena Tiju, Bahrain
25. Alice Varghese, Bahrain
26. Jijo Thomas, Bahrain
27. Jochebed SusanThomas, IPC Bahrain
28. Princy Nidhin, IPC Bahrain
29. Lijo Arocky, IPC Bersheba, Trivandrum
30. Johncy Vesily, IPC PCK Church, Kuwait
31. Elsa Thomas, Church of South India
32. John K.Paul, IPC Abudhabi, UAE
33. Molly Abraham, COG, Mukkada, Kottayam
34. Biji John, IPC Hopeshore
35. Alice Issac Sunny, Church of South India, Christ Church, Mavelikkara
36. Sheena Shajy, Church of God Full Gospel, Aali
37. Saumya Thomas, Church of God Full Gospel, Aali
38. Siji Joy, IPC Thekkumbhagam, Thodupuzha
39. Sabitha Sujith, COGFG< New Delhi
40. Mathew Issac, Wycombe Prayer Centre, High Wycombe, UK
41. July Binu, BBA Majlis
42. Sherin Shaju, BBA Majlis
43. Thankachen V.M, Manama Brethren Assembly
44. Blessy Lijo, Manama Brethren Assembly
45. Annie Johnson, Manama Brethren Assembly
46. Anju Robin, IPC Ebenezer, Dubai
47. Geena K.Reji, IPC Bethesda Worship Centre, Kumarapalayam, Erode
48. Jiji Alex, COG India, Onnamkutty, Pathanapuram
49. Feba Mariyam Varghese, Immanuel Global Mission, Dublin, Ireland
50. Jessy Anish, Immanuel Church, KSA
51. Radhakrishnan, IPC Bahrain, Tamil Church
52. Anitha Roy, Christ Church International
53. Jaiosn John Kartha, Bethel Brethren Assembly
54. Susan Shaji, Gilgal COG, Sharjah
55. Robinson K.T, New Life Church, Thrissur

## Puzzle Only

1. Ezekiel Viswas Thomas, AG Church
2. Esther Viswas, AG Church
3. Elona Sara Philip, AG Church
4. Ashish T Tom, AG Church
5. Ann Elizabeth, AG Church
6. Aneeta Thomas, AG Church
7. Clement Joe Davis, AG Church
8. Tisa Thomson, AG Church
9. Achsah Yacob, AG Church
10. Clarissa Yacob, AG Church
11. Evelyn Latson Thomas, Bahrain Church of Living God
12. Ansa Saju, Bahrain Church of Living God
13. Aaron Saju, Bahrain Church of Living God
14. Sheenu Mathew, Bahrain Church of Living God
15. Chris John Johnson, IPC Hebron
16. Biji Biju, IPC Hebron
17. Rincy Skariah, IPC Hebron
18. Bibina Babu, IPC Hebron
19. Agnus Sera Thomas, IPC Hebron
20. Ann Mary Mathew, IPC Hebron
21. Angel Vinod, IPC Hebron
22. Abel Vinod, IPC Hebron
23. Issac Abraham, IPC Hebron
24. Ansa Shalu, IPC Hebron
25. Blessy Sam, Bethel Church
26. Renitta Reji, Bethel Church
27. Sanu Mathew, Bethel Church
28. Alby Jinu Abraham, IPC Bethesda
29. Vincy Jestin, IPC Bethesda
30. Bezalel Benny, IPC Bethesda
31. Feby Hanna Reji, IPC Bethesda
32. Anugraha Anna Anil, IPC Bethesda
33. Ambily Thomas, IPC Bethesda
34. Reshma Jerin, The Full Gospel Church of Suvartha
35. Blessy Mary Jacob, The Full Gospel Church of Suvartha
36. Lintu Sam, The Full Gospel Church of Suvartha
37. Aaron Johnson, Ghafool Brethren Assembly
38. Jabez Shibu Samuel, Ghafool Brethren Assembly
39. Jesvin C.Jaison, Ghafool Brethren Assembly
40. Aksa Sam, IPC Shalom
41. Jemimah Susan Jacob, IPC Shalom
42. Chris Mathew Aje, IPC Shalom
43. Abigail Binu, Rehoboth Revival Church
44. Anna Susan Joby, Rehoboth Revival Church
45. Feby Ann John, IPC Peniel
46. Aaron Santhosh, IPC Peniel
47. Leji Jibin, IPC Peniel
48. Arya Anil, Sharon Fellowship Church
49. Rincy Gracy Roy, Sharon Fellowship Church
50. Rooth Jeejie Francis, Sharon Fellowship Church
51. Jency Prince, Sharon Fellowship Church
52. Dijon Abraham Manoj, Sharon Fellowship Church
53. Daniel Lal, IPC Immanuel
54. Joel Jose, COGFG Prayer Fellowship
55. Ashin K.Saji, COGFG Prayer Fellowship
56. Sajini Brijesh, COGFG Prayer Fellowship
57. Kevin Tom, COGFG Prayer Fellowship
58. Godly Gibi, IPC Bethel
59. Kesiya Elsa John, Tubli
60. Tomy Chooranoli, Bahrain
61. Denna Rosen Manoj, IPC Bahrain
62. Dawn Ann Manoj, IPC Bahrain
63. Deborah Sara Jaison, IPC Bahrain
64. Jaydhen San Mathew, The Full Gospel Church of Philadelphia
65. Joel Tom John, The Full Gospel Church of Philadelphia
66. Thomas Chacko, Revival Fellowship Church
67. Miny Daniel, Revival Fellowship Church
68. Scici Jaison, New India COG, Ernakulam
69. Evangel John Siju, IPC Hopeshore
70. Sifi Mary, IPC Hopeshore
71. Job Sunny, SFC, Mukkoottuthara
72. Ciciliyamma Sunny, Sharon Fellowship Church, Mukkoottuthara
73. Dania Biju Daniel, BBA Majlis
74. Helen Grace Roy, Christ Church International
75. Hephsiba Ann Roy, Christ Church International
76. Joanna Susan Shibu, The Heavenly Worship Centre
77. Johan Koshy Shibu, The Heavenly Worship Centre

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

## Bible Quiz only

1. K.J.Johnson, IPC Hebron
2. Anish Thomas, IPC Bethesda
3. Mercy Thomas, The Full Gospel Church of Suvartha
4. Remya Mary, The Full Gospel Church of Suvartha
5. Sophy Sam, IPC Shalom
6. Kunjumol Saji, COGFG Prayer Fellowship
7. Sajini Brijesh, COGFG Prayer Fellowship
8. Ani Satheesh, IPC Ebenezer, Poovathoor, Pullad
9. Sunil Silvester, Independent Church of God, Alapuzha
10. Anie Mathew, COGFG, Subhahsh Nagar, New Delhi

# "വൌ"

## ഭാഗം 6
## സങ്കീ.119: 41–48

### സങ്കീർത്തന വിചിന്തനം



■ നൈനാൻ മാത്യു ■

സന്തുലിതമായ ഒരു ക്രിസ്തീയ ജീവിതം ആഗ്രഹിക്കുന്ന ഒരു ദൈവപൈതൽ ദൈവവചനത്തോടുള്ള ബന്ധത്തിൽ അനുവാര്യമായി അനുവർത്തിക്കേണ്ട '8' കൂട്ടം കാര്യങ്ങൾ ധ്യാനഭാഗത്ത് ശ്രദ്ധിക്കുവാൻ കഴിയുന്നു.

**1. തിരുവചനപ്രകാരം പ്രാർത്ഥിക്കുക – Pray according to the word of God (41)**

119–ാം സങ്കീർത്തനത്തിന്റെ പൊതു സ്വഭാവത്തിനു അനുസൃതമായി പ്രാർത്ഥനയോടു കൂടിയാണ് ഈ ഭാഗവും ആരംഭിക്കുന്നത്. 'നിന്റെ വചനപ്രകാരം നിന്റെ ദയയും, രക്ഷയും എന്നിലേക്കു വരുമാറാകട്ടെ'!

ദൈവമക്കളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ എല്ലാ ഇടപാടുകൾക്കും ആധാരമായിരിക്കുന്നത് തിരുവചനം തന്നെയാണ്. അത് ദൈവത്തിന്റെ രകഷയാണെങ്കിലും, ശിക്ഷയാണെങ്കിലും കൃത്യസമയത്ത്, കൃത്യമായ അളവിൽ തിരുവചനപ്രകാരം നമ്മെ തേടിയെത്തും. അതുകൊണ്ട് ദൈവഹിതം തിരിച്ചറിഞ്ഞ് ദൈനദിന ജീവിതത്തിൽ നമുക്ക് മാതൃകയാക്കാവുന്നതുമായ പ്രാർത്ഥനയാണ് ദൈവവചനപ്രകാരം ദൈവത്തിന്റെ ദയയ്ക്കായി (ആർദ്രകരുണ) പ്രാർത്ഥിക്കുക എന്നുള്ളത്. ഇവിടെ 'ദയ' എന്ന പദം (മൂലപദത്തിൽ) ബഹുവചനമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അർത്ഥാൽ അത് ദൈവത്തിന്റെ ബഹുമുഖമായ ദയപരമായ ഇടപാടുകളെ സൂചിപ്പിക്കുന്നു (അത് രാവിലെ തോറും പുതിയതാകുന്നു – വിലാ. 3:22–23). ദൈവത്തിന്റെ ദയ, ദൈവത്തിന്റെ രക്ഷയ്ക്ക് കാരണമാകുന്നു. അതുകൊണ്ട് ഓരോ പുലർകാലവും ദൈവത്തിന്റെ ദയയ്ക്കുവേണ്ടി ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ആയിരിക്കട്ടെ നമ്മുടെ പ്രതിദിന ആരംഭം.

**2. ദൈവവചനത്തിൽ ആശ്രയിക്കുക - Trust in the word of God (42)**

ദൈവവചനത്തിലുള്ള ആശ്രയം മുമ്പിലുള്ള പ്രതിസന്ധികളെ സധൈര്യം നേരിടുവാൻ പുതുബലം നൽകുന്നു. പ്രശ്നങ്ങൾ ഉയർന്നു പൊങ്ങുന്നതിനാൽ ഒതുങ്ങി പോവുകയല്ല മറിച്ച് തിരുവചനത്തിൽ കൂടുതൽ ആശ്രയിക്കുകയാണ് തന്മൂലം തനിക്കെതിരെയുള്ള ശത്രുവിന്റെ ആരോപണത്തെ നിശബ്ദമാക്കി തന്റെ നിരപരാധിത്വം തെളിയിക്കുവാൻ തിരുവചനം തന്നെ പ്രാപ്തനാക്കുന്നു. താഴോട്ടുള്ള ഓരോ വാക്യങ്ങളിലും ശുഭാപ്തി നിറഞ്ഞതായ ആത്മധൈര്യത്തിന്റെ വാക്കുകൾ സങ്കീർത്തനക്കാരൻ ഏറ്റു പറയുന്നു –

**a.** ഞാൻ പ്രാപ്തനാകും (42)
**b.** ഞാൻ പ്രമാണിക്കും (44)
**c.** ഞാൻ വിശാലതയിൽ നടക്കും (45)
**d.** ഞാൻ സംസാരിക്കും (48).

പ്രതിസന്ധികൾ ഏറിവരുമ്പോൾ ദൈവവചനത്തിലുള്ള അടിയുറച്ച ആശ്രയമനോഭാവത്തിൽ പ്രതികൂലങ്ങളെ നോക്കി ശുഭാപ്തി നിറഞ്ഞ പ്രസ്താവനകൾ നടത്തുവാൻ ദൈവമക്കൾ ശീലിച്ചിരിക്കണം.

**3. ദൈവചനത്തിനായി കാത്തിരിക്കുക - Wait for the word of God (43)**

കാത്തിരിക്കുകയെന്നാൽ സമയം വേർതിരിച്ചിരിക്കുക എന്നുതന്നെ (ധ്യാനഭാഗത്തെ രണ്ടാമത്തെ അപേക്ഷ). 'സത്യത്തിന്റെ വചനം എന്റെ വായിൽ നിന്നും നീക്കികളയരുതെ'. ജീവിത പ്രതിസന്ധികളെ നേരിടുവാൻ എനിക്ക് ആത്മധൈര്യം നൽകുന്ന പ്രധാന കാര്യം ഞാൻ സത്യത്തിന്റെ പക്ഷത്താണ് എന്നതാണ്. ഹൃദയത്തിൽ സത്യമില്ലായെങ്കിൽ പ്രതിസന്ധികളിൽ നാം അടിപതറും. യഹോവയ്ക്കായി കാത്തിരിക്കുന്ന സങ്കീർത്തനക്കാരനെ ഉള്ളിൽ ദൈവം സത്യവചനത്താൽ നിറയ്ക്കും – കാത്തിരിക്കുക.

**4. ദൈവവചനം പ്രമാണിക്കുക – Keep the word of God (44)**

ദൈവവനചം അറിയുകയെന്നതിനു അപ്പുറമായി പ്രമാണിക്കുവാൻ താൻ ഒരുക്കമൊണ്. പ്രമാണിക്കുവാൻ വേണ്ടിയല്ലയെങ്കിൽ പഠിച്ചിട്ട് എന്ത് കാര്യം? ഇടവിടാതെ ആചരിക്കാം (24 മണിക്കൂറും), എന്നേക്കും പ്രമാണിക്കാം, അവസാനത്തോളം പ്രമാണിക്കാം, തിരുവചനം പ്രമാണിക്കുന്നവരുടെ കൂട്ടത്തിൽ നാം ആകട്ടെ!

**5. ദൈവവചനം ആരായുക – Seek the word of God (45)**

ആരാഞ്ഞാൽ മാത്രം വെളിവായി വരുന്ന അനേക മർമ്മങ്ങൾ തിരുവചനത്തിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നു. അന്വേഷിച്ചു ആരായുന്നവരെ അവ ഏതിരേറ്റു വരും. ഒരു പരന്ന വായനകൊണ്ട് വേദപാരായണം അവസാനിപ്പിക്കുന്ന വ്യക്തികൾക്ക് അവ നഷ്ടമാകും. മനസിലാകാത്ത വേദഭാഗങ്ങൾ മനപാഠമാക്കി, ആരാഞ്ഞുകൊണ്ടിരുന്നാൽ പരിശുദ്ധാത്മാവ് പുതിയ ബോധ്യങ്ങൾ പകർന്നു തരും. ജീവിത പ്രതിന്ധികളിൽ ഇടുക്കമില്ലാതെ വിശാലതയിൽ നടക്കുവാൻ അത് നമ്മെ ശക്തരാകും.

**6. ദൈവചനം സംസാരിക്കുക – Speak the word of God (46)**

നിന്ദിക്കുന്നവരോട് ഉത്തരം പറയുവാൻ മാത്രമല്ല രാജാക്കന്മാരുടെ മുമ്പിലും തിരുവചനത്തിനു സാക്ഷിയാകുവാൻ സങ്കീർത്തനക്കാരൻ കരുത്താർജ്ജിച്ചു കഴിഞ്ഞു. തിരുവചനത്തോടുള്ള പ്രതിബന്ധത ആ നിലയിൽ തന്നെ പര്യാപ്തനാക്കി കഴിഞ്ഞു. ദൈവം നൽകുന്ന അവസരങ്ങളിൽ സ്വയം ഉൾവലിയാതെ ദൈവവചനത്തിനു സാക്ഷിയാകുവാൻ നമുക്കാവട്ടെ.

**7. ദൈവവചനത്തിൽ പ്രമോദിക്കുക – Delight in the word of God (47)**

പ്രിയമായിരിക്കുന്നത് പ്രമോദിമായി മാറും. പ്രിയനോടുള്ള അനുരാഗം നഷ്ടമാക്കി കളയുന്ന അനേക കാര്യങ്ങൾ തനിക്കു ചുറ്റുമുള്ളപ്പോൾ അതിൽ രസിക്കുവാൻ പോകാതെ തനിക്കു പ്രിയമായിരിക്കുന്ന ദൈവകല്പനകളിൽ പ്രമോദിക്കുന്നു.

**8. ദൈവവചനം ധ്യാനിക്കുക – Meditate the word of God (48)**

ഒടുവിൽ തനിക്കു പ്രിയമായിരിക്കുന്ന കല്പനകളിലേക്ക് താൻ കരങ്ങൾ ഉയർത്തുന്നു. യഹോവയിലേക്ക് കരങ്ങൾ ഉയർത്തി സ്തുതിക്കുന്ന ഭക്തന്മാരെ തിരുവചനത്തിൽ ഉടനീളം കാണാം. എന്നാൽ ഇവിടെയിതാ തനിക്ക് പ്രിയമായിരിക്കുന്ന ദൈവകല്പനകളിലേക്ക് കരങ്ങൾ ഉയർത്തുന്നു. അത് ദൈവവചനത്തോടുള്ള തന്റെ കൂറും, വിധേയത്വവും വിളിച്ചറിയിക്കുന്നു. തന്നെ സംബന്ധിച്ചടുത്തോളം കാലഹരണപ്പെട്ടതും കർക്കശവുമായ ഒരു നിയമപുസ്തകമല്ല. ന്യായപ്രമാണം മറിച്ച് തന്റെ ദൈനദിന ജീവിതത്തിലേക്ക് ഒഴുകി എത്തുന്ന ദൈവസ്നേഹത്തിന്റെ നീർച്ചാലുകളാണവ. ഓരോ വചനത്തിലൂടെയും തന്റെ സൃഷ്ടാവിന്റെ ഇമ്പസ്വരം താൻ തിരിച്ചറിയുന്നു. ആ തിരുവചനം ധ്യാനിച്ചും, ആസ്വദിച്ചും ശുഭകരമായ ജീവിതം മുന്നോട്ടു നയിക്കുന്നു.



# Stuffed Capsicum



■ Susamma Kurian ■

## Ingredients :-

**1.** Capsicum – 4, **2.** Bread crumbs – ¾ cup, **3.** Oil – 1 table spoon
**4.** Salt and Pepper – a pinch

## Stuffing:

**5.** Minced Chicken – 2 cups (cooked with salt,pepper and Turmeric)
**6.** Boiled potatoes – 3 small, **7.** Big Onion – 1
**8.** Minced Ginger, Garlic, Green chillies mines – 2 tea spoon each
**9.** Chilly powder – 2 tea spoon **10.** Turmeric powder – ½ tea spoon
**11.** Sugar – 2 tea spoon **12.** Lemon juice – 1 table spoon
**13.** Tomato Chopped – 1 **14.** Oil –

## Method :-

Cook chicken with salt, pepper and turmeric. Keep aside.
Heat oil and saute onion, ginger, garlic and green chilly. Add tomato ang fry till the oil floats on top. Add the masalas, sugar and lemon juice. Mash potatoes and add to the above mixtures. Add cooked chicken and combine well. Remove from heat.
Cut a thin slice from the top of the capsicum and remove the seeds. Brush the capsicum with oil and salt. Fill the chicken mix into the capsicum. Sprinkle bread crumbs on the top and bake for 15 minutes.






*Prayerful wishes for a blessed married life to*

**Stalin C. Sebastian & Jissa**
(Sharon Felloship Church, Bahrain)

**Chris**
(Sharon Felloship Church, Bahrain)
**& Roshini**

*With best compliments*
**Hello Hope**

"ഹലോ ഹോപ്പ്" ഓൺലൈനിൽ

Read Online:
www.godsownlanguage.com
/mal/Magazines/Hello_Hope






## തക്ക തുണ

HH Matrimonial

Pentacostal parents invite proposals for their son (31,H-168) MBA in finance, working in Bengaluru.
Contact: +91 9945138147
+91 9008049385
M4 marry ID-4234909

Proposal invited for Pentecostal GIRL ( 28, H-167 Cms )
Registered B Sc Nurse, Working in Bahrain.
Contact: : +973 39428275
+91 9746014725
M4 marry ID-4375630


# ഗുരുവിനെപ്പോലെ ആകുക

പാസ്റ്റർ അനി ചാക്കോ

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

രണ്ടാമതായി, അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവർത്തി തികക്കുന്ന കാര്യത്തിൽ നമ്മൾ യേശുവിനെപ്പോലെ ആയിരിക്കേണം (യോഹ.4:34).

പിതാവായ ദൈവം യേശുവിനു ഈ ഭൂമിയിൽ ചെയ്യുവാൻ ഒരു പ്രവർത്തി നൽകിയിരുന്നു. യേശു ആ പ്രവർത്തി തികച്ചിരുന്നു (യോഹ.17:4). നാം ഓരോരുത്തരും ഈ ഭൂമിയിലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടവരാണ്. ഓരോരുത്തർക്കും ചെയ്തു തീർക്കുവാൻ പ്രവർത്തികളും നൽകിയിരിക്കുന്നു. വീട്ടുകാര്യങ്ങൾ, ഔദ്യോഗിക മണ്ഡലത്തിലെ കാര്യങ്ങൾ, ആത്മീയ കാര്യങ്ങൾ, അങ്ങനെ ഏതെല്ലാം തലങ്ങളിൽ നമ്മെ ദൈവം ആക്കി വച്ചിട്ടുണ്ടോ അവിടെയെല്ലാം വിശ്വസ്തയോടെ ഏൽപ്പിച്ച കാര്യങ്ങൾ പ്രവർത്തിച്ചു തീർക്കുമ്പോൾ നാമും യേശുവിനെപ്പോലെ ആകും.

മൂന്നാമതായി, പരീക്ഷകളെ നേരിടുന്ന കാര്യത്തിൽ നമ്മൾ യേശുവിനെപ്പോലെ ആകണം. യേശു സാത്താനാൽ 40 ദിവസം പരീക്ഷിക്കപ്പെട്ടു (ലൂക്കോ.4:1).

ആ പരീക്ഷകളെ യേശു ദൈവ വചനത്താൽ ആണ് ജയിച്ചത്. പരീക്ഷാ സമയത്തു പലരും പന്മാറി പോകുന്നതും പരീക്ഷയിലും കണിയിലും കുടുങ്ങുന്നുതം സാധാരണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പരീക്ഷയിൽ അകപ്പെടാതിരുന്നത് യേശു ഉണർന്നു പ്രാർത്ഥിച്ചതിനാലാണ്. യേശുവെപ്പോലെ ആകുക എന്നു വച്ചാൽ പരീക്ഷകളെ ജയിപ്പാൻ പ്രാപ്തരാവുക എന്നത്രെ. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നു പ്രാർത്ഥിക്കുന്നവർ ക്രിസ്തു സ്വഭാവത്തോടനുരൂപരായി മാറുന്നു.

നാലാമതായി, ദൈവത്തെ അനുസരിക്കുന്ന കാര്യമാണ്. ക്രൂശിലെ മരണത്തോളം യേശു കാണിച്ച അനുസരണം.

ബേത്ളഹേമിലെ ജനനം മുതൽ കാൽവറിയിൽ ക്രൂശിലെ മരണത്തോളം അനുസരണം കാണിച്ച ക്രിസ്തുവിനെപ്പോലെ സകലത്തിലും അനുസരണം കാണിക്കുമ്പോൾ നമ്മൾ യേശുവിനെപ്പോലെ ആയി മാറുന്നു. അനുസരണത്തിനു പകരം ആരാധനയോ, പ്രാർത്ഥനയോ, ദശാംശ വഴിപാടുകളോ സ്വർഗ്ഗത്തിലെ ദൈവം അംഗീകരിക്കുന്നില്ല. ഫിലി.2:5-ൽ ക്രൂശിലെ മരണത്തോളം അനുസരിച്ച യേശുവിനെ കാണാം. പിതാവിനു തന്നെ തകർത്തു കളയുവാൻ ഇഷ്ടം തോന്നിയപ്പോളും ചോദ്യം ചെയ്യാതെ ആ പാനപാത്രം വാങ്ങി പാനം ചെയ്തു അനുസരണത്തെ വെളിപ്പെടുത്തി ക്രിസ്തു.

ആ നിസ്തുല്യ യേശുവിനെപ്പോലെ ആകുവാനുള്ള ആവേശമായിരുന്നു പൗലോസ് ശ്ലീഹായ്ക്ക്. ഒടുവിൽ ഞാൻ ക്രിസ്തുവിന്റെ അനുകാരി എന്നു പറയുവാൻ തനിക്കു പ്രാഗത്ഭ്യം ലഭിച്ചത് യേശുവിനെപ്പോലെ ജീവിക്കുവാൻ കഴിഞ്ഞതുകൊണ്ടാണ്. അന്യോന്യം സ്നേഹിക്കുന്നതിൽ, ഐക്യതയിൽ, അയച്ചവന്റെ വേല തികക്കുന്നതിൽ, വിശുദ്ധ ജീവിതം നയിക്കുന്നതിൽ, അനുസരിക്കുന്നതിൽ, നീതി പ്രവർത്തിക്കുന്നതിൽ ഒക്കെ യേശുവിനെ മാതൃകയാക്കി ജീവിക്കുവാൻ നമുക്കു കഴിയട്ടെ.

ഈ ആയുസ്സിൽ യേശുവിനെപ്പോലെ ജീവിക്കുന്നവർ അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാക കൊണ്ട് അവനോട് സദൃശ്യന്മാർ ആകും. അവനിൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കട്ടെ (1 യോഹ.3:3).

ഗുരുവിനെപ്പോലെ ആകുവാൻ, നമ്മെ രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾക്കായി നമ്മെ വിധേയപ്പെടുത്താം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

## കർത്താവിൽ നിദ്ര പ്രാപിച്ചവർ


















# MEPC സംയുക്ത ആരാധന

മിഡിൽ ഈസ്റ്റ് പെന്തക്കോസ്തൽ ചർച്ചിന്റെ (MEPC) സംയുക്ത ആരാധന സെപ്തംബർ മാസം 15-ാം തീയതി ശനിയാഴ്ച ശാരോൻ ഫെല്ലോഷിപ്പ്, സെഖയ്യായിൽ വെച്ച് അനുഗ്രഹമായി നടന്നു.

വിവിധ സ്ഥലങ്ങളിൽ ആരാധിക്കുന്ന ദൈവജനം ഒരുമിച്ചു കൂടി ദൈവത്തെ ആരാധിച്ചത് ഒരു പുത്തൻ ഉണർവ്വേകുന്ന അനുഭവമായിരുന്നു. പ്രസിഡന്റ് പാസ്റ്റർ ജെയ്സൻ കുഴിവിള നേതൃത്വം നൽകിയ മീറ്റിംഗിൽ ദൈവവചന ശുശ്രൂഷ ഡോ.പോൾ മാത്യു (നേറ്റീവ് മിഷണറി മൂവ്മെന്റ്, ഉദൈപൂർ, രാജസ്ഥാൻ) പരിഭാഷ ഡോ.ജോർജ്ജ് മാത്യുവും നിർവ്വഹിച്ചു. സെക്രട്ടറി ബ്രദർ യോഹന്നാൻ പാപ്പച്ചൻ നന്ദി അറിയിച്ചു.


Pr. P.M. Joy


Pr. Thomas Chacko


Pr. P.C. Varghese


Pr. K.M. George


Pr. Jaison Kuzhivila


Dr. George Mathew
Dr. Paul Mathew








Br. Yohannan Pappachan






ഹലോ ഹോപ്പിൽ
നിങ്ങളുടെ ചർച്ചിന്റെ
സ്പെഷ്യൽ മീറ്റിംഗുകൾ,
കൺവെൻഷനുകൾ,
മാട്രിമോണിയൽ,
ബർത്ത്ഡേ വിഷസ്,
വെഡിംഗ് ആനിവേഴ്സറി,
മറ്റു പരസ്യങ്ങൾ
മുതലായവ
മിതമായ നിരക്കിൽ
പ്രസിദ്ധീകരിക്കാ
വുന്നതാണ്.
കമ്പനി പരസ്യങ്ങൾക്ക്
പ്രത്യേക ഡിസ്കൗണ്ട് !!

Contact:
**+973 33552886**
hhgulfnews@gmail.com
0973 3838 3399
Hello Hope


## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Hello Hope Prayer Cell

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.


"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.

-Editor-


സ്ഥലപരിമിതി മൂലം
വളരെയധികം
ലേഖനങ്ങളും
മറ്റ് രചനകളും
ഈ ലക്കത്തിലും
ചേർക്കാൻ കഴിയാതെ
പോയതിൽ
ഖേദിക്കുന്നു.

നിങ്ങളുടെ
അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും
ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399

HH Inbox


HH STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative
فينكس للتسويق والإبداع ذ.م.م
PHOENIX MARKETING & CREATIONS W.L.L

P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com